# OASIS

NEWS BULLETIN മരുപ്പച്ച

Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol.2 Book.12 Regd. No. ER/450/2001 1196 വൃശ്ചികം – ധനു Date: 31.12.2020


## പത്രാധിപക്കുറിപ്പ്

# സമാനതകളില്ലാത്ത സമരമുഖം



കേന്ദ്ര സർക്കാരിന്റെ പുതിയ കർഷക നിയമങ്ങളിൽ പ്രതിഷേധിച്ച് സിംഘു അതിർത്തിയിൽ നിരാഹാര സമരം നടത്തുന്ന കർഷകർ.

അവർ പറയുന്നു. "ഞങ്ങൾ ഭീകര വാദികളല്ല അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവരാണ്". നാല്പ്പതിലധികം കർഷക സംഘടനകളുടെ ഏകോപന സമിതിയുടെ നേതൃത്വത്തിൽ സമരം തുടങ്ങിയിട്ട് ഡിസംബർ 31–ാം തിയതി വരെ 35 ദിവസം പിന്നിട്ടു. ചരിത്രത്തിലെങ്ങും സമാനതകളില്ലാത്ത ഈ ജീവൻ മരണ പോരാട്ടം ഇതെഴുതുമ്പോഴും തുടരുക യാണ്.

കർഷക സമരം ഖാലിസ്ഥാൻ പ്രഭാവം ആണോ എന്ന് സംശയിക്കുന്നവരോട് നമസ്കാരം പറയുന്നു. ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് വേണ്ടി വിടുവേല ചെയ്യാൻ വിധിക്കപ്പെട്ടവരാണ് കർഷകൻ. പത്തു കൊല്ലം കൊണ്ട് നാല് ലക്ഷം കർഷകർ ആത്മഹത്യ ചെയ്ത രാജ്യം വേറെ കാണുമോ??

എഴുതി തള്ളിയ കോർപറേറ്റുകളുടെ ബാധ്യത ബില്യണുകൾ ആയി വളരുന്നു. അതിന്റെ ഒരു ചെറിയ അംശം കർഷന് ആശ്വാസം നൽകാൻ മാറ്റിയിരുന്നു എങ്കിൽ ആ ആത്മ ഹത്യകളിൽ പലതും ഒഴിഞ്ഞു പോകുമായിരുന്നു.

1999-2000 കാലം മുതൽ തുടങ്ങിയതാണ് ഇന്ത്യൻ കർഷകന്റെ ദുരിത പർവം. സാമ്പത്തിക രംഗം മെച്ചപ്പെടുത്താൻ വേണ്ടി ഒപ്പിട്ടു തുടങ്ങിയ കരാറുകൾ കർഷകന്റെ വരുമാനം ഗണ്യമായി കുറച്ചു തുടങ്ങി. ഓട്ടോ റിക്ഷ ഓടിക്കുന്നവൻ എന്ന് പറഞ്ഞാൽ പെണ്ണ് കിട്ടും, കൃഷിക്കാരനാണ് എന്ന് പറഞ്ഞാൽ പെണ്ണ് കിട്ടാത്ത അവസ്ഥ. രണ്ടേക്കർ സ്ഥലം ഉള്ള കർഷകൻ കൂലിപ്പണിക്ക് പോകാതെ കുടുംബം പുലർത്തി, മക്കൾക്കു സമാന്യമായ വിദ്യാഭ്യാസം കൊടുത്തു, പെണ്മക്കളെ കെട്ടിച്ചു, ഒരു വിധം സംതൃപ്തിയിൽ ജീവിച്ചു മരിച്ചു. ഇന്നോ? അവൻ എന്ന് ആത്മഹത്യയിൽ എത്തുന്നു എന്ന് നോക്കിയാൽ മതി.

ഒന്നാം പഞ്ചവത്സര പദ്ധതിയിൽ മൊത്തം പ്ലാൻ അടങ്കലിന്റെ 20 % കൃഷിക്ക് മാറ്റിവച്ച നമ്മൾ അവസാനത്തെ പദ്ധതിയിൽ നീക്കി വച്ചത് 5% ത്തിൽ താഴെയാണ്. വ്യവസായ വളർച്ചയ്ക്ക് പ്രാമുഖ്യം, കൃഷിക്ക് സ്ഥാനമില്ല, കർഷകൻ ആത്മഹത്യ മുനമ്പിലേയ്ക്ക് കൂട്ടപ്പാലയാനം നടത്തിയാൽ ഭരണകൂടത്തിന് പുല്ലാണ്. കാരണം ആ ഭരണയന്ത്രത്തിന്റെ ചക്രങ്ങൾ തിരിക്കുന്നത് കൃഷിയുടെ ചൂടും ചൂരും അതിന്റെ കഷ്ടപ്പാടുകളെയും പറ്റി കേവലം കേട്ടറിവ് മാത്രം ഉള്ളവരാണ്.

ഇന്ത്യൻ വ്യവസായ ലോബിയും ബിസിനസ് ലോബിയും ഒക്കെ നിയന്ത്രിക്കുന്ന ഭരണ നേതൃത്വം, അവിടെ എല്ലാം കൃഷിക്കാരുടെ പ്രതിനിധികൾ എത്തുക വിഷമം. ഇന്നത്തെ രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങളിൽ, പാവം കർഷകൻ വെറും കാഴ്ച്ചക്കാരൻ മാത്രം. അവന്റെ കാര്യം കട്ടപ്പുക. അവൻ കൊടിയ തണുപ്പിൽ പെരുവഴിയിൽ സമരം ചെയ്തു മരിച്ചു വീഴുന്നു, സെൻസെക്സും നിഫ്റ്റിയും റോക്കറ്റ് പോലെ ഉയരുന്നത് നോക്കി ഭരണ കൂടം ചിരിക്കുന്നു.

ഓരോ പിടി ചോറിന്റെ പുറകിലും ഒരു കർഷകന്റെ ചെളി പുരണ്ട കരങ്ങൾ ഉണ്ട്, ആ കരങ്ങളിൽ ചെളി പുരണ്ടില്ലെങ്കിൽ അന്നം മുട്ടും.



'Dilli Chalo' "ദില്ലി ചലോ" സമരമുഖം

### നഷ്ടക്കണക്കുകൾ ഇതുവരെ

ചുരുങ്ങിയത് 34 പേർ മരിച്ചു. നൂറുകണക്കിനാളുകൾക്ക് പരിക്കേറ്റു. ഇതിൽ രണ്ടാത്മഹത്യ, നാല് അപകട മരണങ്ങൾ, പത്ത് ഹൃദയ സ്തംഭനങ്ങൾ. കൊടും തണുപ്പേറ്റ് മരിച്ച മൂന്ന് പേർ എന്നിവയും ഉൾപ്പെടും.


SBI PENSIONERS' ASSOCIATION KERALA

KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016

Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245

email: sbipakktym@gmail.com

# ഉത്സവരഹിതമായ ക്രിസ്തുമസ്സ് രാവുകൾ

പുതുമയെ വരവേറ്റു കൊണ്ട് വീണ്ടും ഒരു **ക്രിസ്തുമസ്** കാലമെത്തി. സന്തോഷവും സമാധാനവും നിറഞ്ഞ ഈ ദിനം എന്നും ഒരു ഒത്തുകൂടലിനുള്ള വേദിയാണ് ഒരുക്കുന്നത്. മഞ്ഞ് പെയ്യുന്ന രാവ്, മാനത്ത് തിളങ്ങി നില്ക്കുന്ന നക്ഷത്രങ്ങൾ , ഉണ്ണിയേശുവിനെ സ്വാഗതം ചെയ്യുന്ന പുലരികൾ... മേളവും താളവും പാട്ടും സമ്മാനങ്ങളുമായി ക്രിസ്തുമസ്സ് കരോൾ..... എന്നാൽ ലോകത്തെ ആകമാനം ഗ്രസിച്ച കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധി ഘട്ടത്തിൽ ആശങ്കയുടെയും കരുതലിന്റേയും ഒരു സാഹചര്യത്തിലാണ് മാനവ രാശി. പ്രകാശവും സ്നേഹവും നിറഞ്ഞ ക്രിസ്തുമസ് കാലം ഇപ്പോൾ അസാദ്ധ്യമായിരിക്കുന്നു. കഴിഞ്ഞ കാലത്തെ മറക്കാം , വീണ്ടും ഒരു പുതു യുഗം രചിക്കാം. വിണ്ണിലെ സന്തോഷവും സമാധാനവും മാനവ ഹൃദയങ്ങളിൽ നിറയാൻ ഈ ക്രിസ്തുമസ് കാലം ഇടയാകട്ടെ. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും

**ക്രിസ്തുമസ് ആശംസകൾ ...!**






**ക്രിസ്തുമസ്സ് ആശംസകൾ ...!**

## എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റി യോഗം 2020 ഡിസംബർ മാസം 11-ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 13 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.**



**ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ**

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ജില്ല സെക്രട്ടറി ശ്രീ പി എം ജേക്കബ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു . വൈക്കം ഏരിയാ കമ്മറ്റിയിലെ ശ്രീ.സികെ ശശിധരന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. അദ്ദേഹത്തെ അനുസ്മരിച്ച് ഏരിയാ ക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ജോ.കൺവീനർ ശ്രീ.ഡി.കെ.രാജഗോപാലും സംസാരിച്ചു. ഒരു വർഷത്തിലധികമായി അദ്ദേഹം ചികിത്സയിലായിരുന്നുവെന്നും ഒരുപാടു കഷ്ടപ്പാടിൽ കൂടിയാണ് അദ്ദേഹം കടന്ന് പോയെതെന്നും പറഞ്ഞു . ഈ വിഷമസന്ധിയിൽ നമ്മുടെ സംഘം സഹായിച്ചതുകൊണ്ടു അദ്ദേഹത്തിന്റെ ഭാരിച്ച ചികിത്സ ചിലവുകൾ മെഡിക്കൽ ഇൻഷുറൻസ് വഴി കൈകാര്യം ചെയ്യാൻ സാധിച്ചുവെന്നും രാജഗോപാൽ പറഞ്ഞു . നമുക്ക് സ്വന്തമായി ഒരു സംഘം ഉണ്ടാട്ടിരുന്നതുകൊണ്ടാണ് സഹായിക്കാൻ സാധിച്ചത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു വൈക്കം ഏരിയാ കമ്മറ്റിയിലെ ശ്രീ.എം.എം.ജോസഫിന്റെ സഹോദരൻ എം.എം. ജേക്കബ്ബിന്റെ സഹധർമ്മിണി മോൻസി ജേക്കബ്ബിന്റെ ആകസ്മിക നിര്യാണത്തിലും, ചങ്ങനാശ്ശേരി യൂണിറ്റിലെ നമ്മുടെ മെമ്പർ ജോർജ് ജോണിന്റെ പിതാവ് ശ്രീ.പി.വി.ജോണിന്റെയും നിര്യാണത്തിലും യോഗം അനശോചിച്ചു. ചങ്ങനാശേരി കൺവീനർ ശ്രീ ജോൺ വി കഴിഞ്ഞ ദിവസം നിര്യാതനായ ശ്രീ പി വി ജോൺ അനുസ്മരണം നടത്തീ . അദ്ദേഹം എസ്ബിറ്റിയിൽ നിന്ന് വിരമിച്ചു വിശ്രമ ജീവിതം നയിക്കുകയായിരുന്നു .

നമ്മുടെ മെമ്പർ ശ്രീ ജോൺ ജോർജ് അദ്ദേഹത്തിന്റെ പുത്രനാണ് വ്യക്തിപരമായി അടുപ്പമുള്ള കുടുംബം ആയിരുന്നു എന്നും പറഞ്ഞു. അതുപോലെ 30.11.2020; നമ്മെ വിട്ടുപിരിഞ്ഞ ശ്രീ.സുലൈമാൻ,പ്.എ.യുടെ ആകസ്മിക വിയോഗത്തിൽ യോഗം ദു:ഖം രേഖപ്പെടുത്തി. അനന്തരം പരേതാത്മാക്കളുടെ ആത്മശാന്തിക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൌനം ആചരിച്ചു.
.




**കോട്ടയം എക്സിക്യൂട്ടിവ് കമ്മറ്റിയുടെ യോഗം ഡിസംബർ മാസം 11-ാം തിയതി ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ**

തുടർന്നു ജില്ലാ പ്രസിഡന്റ് ആനുകാലിക വിഷയങ്ങളെ പ്രതേകിച്ചു പെൻഷൻ പുതുക്കൽ സംബന്ധിച്ചും സംഘത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും സംസാരിച്ചു . കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.




**ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി,**

നവംബർ 30 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

ഡി ജി എസ് മാത്യു അടയ്കാമുണ്ടയ്ക്കൽ സ്ട്രക്ച്ചേർഡ് മീറ്റിംഗിൽ അവതരിപ്പിച്ച വിഷയങ്ങൾ. പരിഹരിച്ചവ, മെഡിക്കൽ ഇൻഷുറൻസ് പുതുക്കൽ, ലൈഫ് സർട്ടിഫിക്കേറ്റ് സമർപ്പിക്കുന്ന വിധം, എന്നിവയെപ്പറ്റി സംസാരിച്ചു . തുടർന്ന് കൊവിഡ്–19 കാലത്തെ അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിച്ചു. ശ്രീ. പി. എസ്. രാജമോഹനൻ നായർ, എ. ജി. എസ്., യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു സ്റ്റേറ്റ് കമ്മിറ്റി മെമ്പർ റെയിസ ബീഗം , ,വൈസ് പ്രസിഡന്റ് വിശ്വനാഥൻ നായർ എന്നിവർ സംസാരിച്ചു . അതിന് ശേഷം പൊതു ചർച്ച നടന്നു . എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ മെംമ്പേഴ്സ് ബെനവലന്റ് ഫണ്ട് സ്കീമിനെപ്പറ്റി വിശദമായ ചർച്ച നടന്നു . അടുത്തയിടെ വേർപിരിഞ്ഞു പോയ മൂന്ന് പേർക്ക് നിലവിലുള്ള ഫണ്ടിൽ നിന്ന് 5000/- രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു . ആ സ്കീമിന്റെ നടത്തിപ്പിനെപ്പറ്റിയും നിയമങ്ങളെ സംബന്ധിച്ചും പ്രസിഡന്റ് വിശദീകരണം നൽകി .കൂടുതൽ ചർച്ചകൾ ആകാമെന്നും അദ്ദേഹം പറഞ്ഞു .അടുത്ത മൂന്ന് മാസത്തെ പ്രവർത്തനത്തിന് രൂപം കൊടുത്തു :

1) ഈ ഡയറക്ടറി ചെക്ക് ചെയ്ത് തെറ്റുകൾ തിരുത്താൻ സെക്രട്ടറി മുൻകൈ എടുത്തു കമ്മിറ്റിയെ ചുമതലപ്പെടുത്തുക
2) സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ എല്ലവർക്കും ബാധകമാക്കാൻ ശ്രമിക്കുക
3) ലൈഫ് മെമ്പർഷിപ് 1000ത്തിൽ എത്തിക്കുക
4) സംഘത്തിന്റെ ഷെയർ കൂട്ടുകയും വായ്പകൾ പ്രോത്സാഹിപ്പിക്കുക , GDCS ഒന്ന് കുടി തുടങ്ങുക
5) ഓരോ ഏരിയ വാട്സാപ്പ്ഗ്രൂപ്പിൽ ആ ഏരിയ ഇൽ ഉള്ള എല്ലാവരെയും ഉൾപ്പെടുത്തുക
6) സംഘത്തിന്റെയും സംഘടനയുടെയും വാർഷിക യോഗം ഫെബ്രുവരി മാസത്തിൽ നടത്തുക ഓൺലൈൻ വഴി
7) ഇൻഷുറൻസ് പുതുക്കാൻ അംഗങ്ങളെ സഹായിക്കുക

തുടർന്ന് അംഗങ്ങളുടെ സംശയങ്ങൾക്ക് പ്രസിഡന്റ് മറുപടി നൽകി .



**വൈസ് പ്രസിഡന്റ്, ശ്രീ കെ.എൻ.വിശ്വനാഥൻ നായർ**

**വൈസ് പ്രസിഡന്റ് ശ്രീ കെ.എൻ.വിശ്വനാഥൻ നായർ** നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.



**കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ**

# എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ഡിസംബർ 15-ാം തിയതി ത്രൈമാസ ചർച്ചാ യോഗം നടത്തി. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ.ജനറൽ മനേജർ ശ്രീ.വി.സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ കോശി മാത്യുവും ഡെപ്യൂട്ടി മാനേജർ ശ്രീ അജിത് ലാലും ഉണ്ടായിരുന്നു . കൂടാതെ ബാങ്കിന്റെ ഭാഗത്തുനിന്ന് എല്ലാ റീജിയണൽ മാനേജർമാരും അവരുടെ മാനേജർ (എച്ച്. ആർ.) മാരും വീഡിയോ കോൺഫെറൻസ് വഴിയും അല്ലാതെയും സന്നിഹിതരായിരുന്നു.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ ശ്രീ. വി. സുരേഷ് വാക്കിയിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. കോശി മാത്യുവിനേയും ചിത്രത്തിൽ കാണാം.

യോഗം 10.45 മണിയോടെ ആരംഭിച്ചു. ചിഫ് മാനേജർ (എച്ച്.ആർ.) കോശി മാത്യു സ്വാഗതം ആശംസിച്ചു. ഡി.ജി.എം. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പെൻഷൻ കാരുമായുള്ള സൗഹൃദ ബന്ധം ദൃഢതരമാക്കുന്നതിനും പ്രശ്നങ്ങൾ വേഗത്തിൽ തീർത്ത് ആശ്വാസം ഉണ്ടാക്കുന്നതിനും ത്രൈമാസ യോഗങ്ങൾ സഹായിക്കുന്നുണ്ടെന്നു എടുത്ത് പറഞ്ഞു. അജണ്ട പ്രകാരമുള്ള വിഷയങ്ങൾ ചർച്ച ചെയ്തു.



എസ്.ബി.ഐ. കോട്ടയം മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗയോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

1. സർവീസിലിരുന്ന കാലത്ത് 10-ാം ഉഭയകക്ഷി കരാർ പ്രകാരമുള്ള സ്റ്റാഗ്നേഷൻ ഇങ്ക്രിമെന്റ് തെറ്റായി വ്യാഖ്യാനിച്ചതു മൂലം 1.ജോർജ്ജി ജോസഫ് 2. മഹേശ്വരി.പി.എ. എന്നിവർക്ക് കിട്ടാതെ പോയ ശമ്പളവർദ്ധന, വളരെ നീ വിചിന്തനങ്ങൾക്ക് ഒടുവിൽ മുൻ കാല പ്രാബല്യത്തോടെ അനുവദിച്ച് കുടിശ്ശിക കൊടുത്തു തീർത്തു.
2. കുടുംബ പെൻഷണറായ ശ്രീമതി. സരോജം ആന്റണിയുടെ 7-ാം ഉഭയകക്ഷി കരാർ പ്രകാരമുള്ള ശമ്പള കുടിശ്ശിക കിട്ടാനുള്ളത് വായ്പ്പ കുടിശ്ശിക തീർത്ത് തീർപ്പാക്കുന്നതിന് കൊടുത്ത കത്ത് പ്രകാരം തീർപ്പാക്കാതെ കിടന്നത് പരിഹരിച്ച് കത്ത് നല്കി.
3. ശ്രീമതി.പി.ജി.ശാന്തമ്മയ്ക്ക് സർവീസിലിരുന്ന കാലത്ത് 18 വർഷം പൂർത്തിയാക്കിയ വേളയിൽ ഹെഡ് മെസ്സഞ്ചർ ആയി സ്ഥാനക്കയറ്റം ലഭിക്കണമായിരുന്നു. വിരമിച്ച ശേഷം നല്കിയ അപേക്ഷയിൽ വളരെ നീണ്ട വിചിന്തനങ്ങൾക്ക് ശേഷം പ്രൊമോഷൻ അനുവദിച്ചും പെൻഷൻ തിരുത്തിയും ഉത്തരവായി.
4. ഇപ്പോഴും പരിഹാരമില്ലാതെ തുടരുകയാണ് നമ്മുടെ ഡിസ്പ്പെൻസറി സംബന്ധിച്ച് ഉന്നയിച്ച നിവേദനങ്ങളിൽ ചിലത്. മരുന്ന് സ്റ്റോക്ക് കമ്പ്യൂട്ടറിലാക്കാനും പുതിയ ഫാർമസി സൗകര്യങ്ങളോടെ പ്രവർത്തനം മെച്ചപ്പെടുത്തി പരിഹരിച്ചു തരാമെന്നും ഡി.ജി.എം. വാഗ്ദാനം നല്കി.
5. മൂന്ന് വർഷത്തിലേറെയായി നിരന്തരം ഉന്നയിക്കുന്ന ഒരാവശ്യമാണ് ബാങ്കിന്റെ കോട്ടയം എ.ഒ.യിലോ സമീപ പരിധിയിൽ എവിടെയെങ്കിലുമോ പെൻഷനേഴ്സ് അസ്സോസിയേഷന് ഒരു ഓഫിസ്സ് സൗകര്യം അനുവദിച്ചു തരണമെന്നത്. നഗരത്തിലുള്ള പല ശാഖകളിലും സൗകര്യം ഇരുകൂട്ടരും ചേർന്ന് തീരമാനിച്ചിരുന്നെങ്കിലും പല കാരണങ്ങളാൽ നീട്ടിവയ്ക്കപ്പെട്ടു. ഒരു ഘട്ടത്തിൽ കോട്ടയം എ.ഓ. ഇക്കാര്യത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ച് മാർഗ്ഗദർശി യാകുമെന്ന് നാം കരുതുകയും ചെയ്തു. എന്നാൽ തൃശ്ശൂർ എ.ഒ. കോട്ടയത്തെ മറികടന്ന് സംസ്ഥാനത്തിനൊട്ടാകെ മാതൃക യായി. ഇത് യോഗത്തിൽ ചർച്ചയായി. തിരുനക്കര ശാഖയിൽ നമുക്കായി ഓഫീസ് സൗകര്യം ഒരുങ്ങുന്നുവെന്ന സന്തോഷ വാർത്ത ഈ വേളയിൽ ഡി.ജി. എം. ശ്രീ. വി. സുരേഷ് വാക്കിയിൽ അറിയിച്ചു. അംഗങ്ങൾ ഹർഷാരവത്തോടെ ഈ വാഗ്ദാനം സ്വീകരിച്ചു.
6. കോട്ടയം എ.ഒ.യുടെ ബിസ്സിനസ്സ് കാര്യങ്ങളിൽ നാം എന്നും കൂടെ മുൻപന്തിയിൽ നിന്ന് സഹകരിച്ച് പ്രവർത്തിക്കുമെന്ന് അറിയിച്ചു.

തുടർന്ന് ഡെ. മാനേജർ (എച്ച്.ആർ) ശ്രീ അജിത് ലാൽ കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 12 മണിയോടെ അവസാനിച്ചു.

# എസ്.ബി.എസ്.യു. ജനറൽ കൗൺസിൽ യോഗം 2021 ഏപ്രിൽ 18,19 തിയതികളിൽ തിരുവനന്തപുരത്ത്



സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയന്റെ 8-ാം ത്രൈവാർഷിക ജനറൽ കൗൺസിൽ യോഗത്തിന് മുന്നോടിയായി സ്വാഗത സംഘം രൂപീകരണത്തിനായിച്ചേർന്ന സമ്മേളനത്തിൽ സംസാരിക്കുന്ന സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എ. ജയകുമാർ.

കേരളാ സർക്കിൾ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയന്റെ 8-ാം ത്രൈവാർഷിക ജനറൽ കൗൺസിൽ യോഗം 2021 ഏപ്രിൽ 18,19 തിയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തും. യോഗത്തിന് മുന്നോടിയായി സ്വാഗത സംഘം രൂപീകരണത്തിനായിച്ചേർന്ന സമ്മേളനത്തിൽ എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എ. ജയകുമാർ പങ്കെടുത്തു.. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.ജോൺ ജോസഫും പങ്കെടുത്തു. എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തു.




# വാട്സാപ്പ് പെയ്മെന്റ് സംവിധാനം

വാട്സ്ആപ്പ് പണമിടപാട് യഥാർത്ഥ്യമായി; എസ്ബിഐ ഉൾപ്പെടെ നാലു ബാങ്കുകൾ സഹകരിക്കും വാട്സാപ്പ് പെയ്മെന്റ് സംവിധാനം രാജ്യത്തെ 120 മില്യൺ പേർക്ക് ഇനി ഉപയോഗിക്കാം. എസ്ബിഐ, എച്ച്ഡിഎഫ്സി, ഐസിഐസിഐ, ആക്സിസ് ബാങ്കുകളുടെ സഹകരണത്തോടെയാണ് പുതിയ സംവിധാനം നിലവിൽ വന്നത്.

സന്ദേശമയക്കുന്നതുപോലെ എളുപ്പത്തിൽ പണം കൈമാറാനുള്ള സംവിധാനവും നിലവിൽവന്നു. നാഷണൽ പേയ്മെന്റ് കോർപറേഷനും യുണിഫൈഡ് പെയ്മെന്റ് ഇന്റർഫെയ്സും (യുപിഐ) കഴിഞ്ഞ നവംബറിൽ പണമിടപാട് സംവിധാനമൊരുക്കാൻ വാട്സാപ്പിന് അനുമതി നൽകിയിരുന്നു.

വാട്സാപ്പ് വഴി പണമിടപാടിനുള്ള സൗകര്യം വന്നതോടെ രാജ്യത്ത് ഡിജിറ്റൽ പെയ്മന്റ് സംവിധാനം കൂടുതൽ പേരിലേയ്ക്കെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്

# പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുക്കാൻ ‘‘വേദാന്ത റിസോഴ്സസ്’’ന്റെ നീക്കം

ഇന്ത്യൻ വ്യവസായി അനിൽ അഗർവാൾ പൊതുമേഖലാ സ്ഥാപനങ്ങൾ വൻതോതിൽ ഏറ്റെടുക്കാനൊരുങ്ങുന്നു.



വേദാന്ത റിസോഴ്സസ് ചെയർമാൻ ശ്രീ.അനിൽ അഗർവാൾ

ഇതിനായി 1000 കോടി ഡോളറിന്റെ (75000 കോടി രൂപാ) പദ്ധതിയ്ക്ക് ലണ്ടൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ‘സെൻട്രിക്കസ്സ് അസ്സെറ്റ് മാനേജ്മെന്റ്’ എന്ന കമ്പനിയുമായി ചേർന്ന് രൂപം നല്കുകയാണദ്ദേഹം. കേന്ദ്ര സർക്കാർ 2.1 ലക്ഷം കോടി രൂപായുടെ പൊതുമേഖല ഓഹരി വില്പ്പന ലക്ഷ്യമിടുകയാണ്. അലുമിനിയം വ്യപാരിയായി എളിയ സംരഭകജീവിതം തുടങ്ങിയ അഗർവാൾ ഏറ്റെടുക്കലുകളിലൂടെയാണ് തന്റെ വ്യവസായ സാമ്രാജ്യം കെട്ടിപ്പടുത്തത്.

## ബിറ്റ്കോയിൻ പുതിയ ഉയരത്തിൽ

ചരിത്രത്തിൽ ആദ്യമായി 20000 ഡോളർ കടന്ന ബിറ്റ് കോയിൻ വില 6.5% കൂടി വർദ്ധിച്ച് 22,765 ഡോളറിലെത്തി.



പ്രധാനമായും ഇന്ററർനെറ്റിലൂടെയുള്ള സാമ്പത്തിക ഇട പാടുകൾക്കായിഉപയോഗിക്കുന്നഡിജിറ്റൽ നാണയമാ ണ് ബിറ്റ്കോയിൻ (Bitcoin). ഇത് ലോഹ നിർമ്മിതമായ നാണയമോ കടലാസ് നോട്ടോഅല്ല കമ്പ്യൂട്ടർ ഭാഷയിൽ. തയ്യാറാക്കിയിരിക്കുന്ന ഒരു പ്രോഗ്രാം അല്ലെങ്കിൽ അല്ലെങ്കിൽ സോഫ്റ്റ്വെയർ കോഡാണ്. എൻക്രിപ്ഷൻ സാങ്കേതികവിദ്യ ഉപയോഗിക്കു ന്നതിനാൽ ഇവയെ 'ക്രിപ്റ്റോ കറൻസി' എന്നും വിളിക്കാറുണ്ട്.

ബിറ്റ്കോയിന്റെ ഉപജ്ഞാതാക്കൾ 2.10 കോടി ബിറ്റ്കോയിനുകളാണ് സൃഷ്ടിച്ചത്. ഇവ ഇരുപത് വർഷം കൊണ്ടു പൂർണ്ണമായും ലഭ്യമാക്കുകയും പിന്നീട് പുതിയവ കിട്ടുകയുമില്ലെന്ന് അവർ പറഞ്ഞിരുന്നു. നിലവിലുള്ള ബിറ്റ്കോയിനുകൾ ഉപയോഗിച്ചുള്ള ഇടപാടുകൾ മാത്രമേ പിന്നീട് നടക്കുകയുള്ളൂ. സാധാരണ കറൻസികളുടെ മൂല്യം എപ്പോൾ വേണമെങ്കിലും ഇടിയാൻ സാധ്യതയു ള്ളപ്പോൾ ബിറ്റ്കോയിന് ആ ഭീഷണിയില്ല. കാരണം അവയുടെ എണ്ണം കൂടുന്നില്ല. സാധാരണ കറൻസി എത്ര വേണമെങ്കിലും അച്ചടിച്ചിറക്കി മൂല്യം കുറയ്ക്കുവാൻ കേന്ദ്രബാങ്കുകൾക്കു സാധിക്കും. അതിവേഗം പ്രചാരത്തിലായ ബിറ്റ്കോയിൻ 2013 ൽ ഉയർന്ന മൂല്യമുള്ള കറൻസിയായി തീർന്നു. ആക്കാലത്ത് ഒരു ബിറ്റ്കോയിന് 1000 ഡോളറിലേറെ മൂല്യമുണ്ടായിരുന്നു. ബിറ്റ്കോയിൻ എക്സ്ചേ ഞ്ചുകളിലൂടെയാണ് ഇവയുടെ വിപണനം നടത്തിയിരുന്നത്.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകൾ മാറ്റമില്ലാതെ നില നിർത്തി ആർ.ബി.ഐ.

റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകൾ മാറ്റമില്ലാതെ നില നിർത്തി ആർ.ബി.ഐ. ഡിസംബർ 4–ാം തിയതി പണ വായ്പ്പാ നയം പ്രഖ്യാപിച്ചു.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

കൊവിഡ് 19 അടച്ചിടലിന്റെ സാഹചര്യത്തിൽ സമ്പ ദ് വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി ലഘൂകരിക്കു ന്നതിനായി റിസർവ് ബാങ്കിന്റെ സമയോചിതമായ ഇടപെടൽ തുടരുന്നു. .

- റിപ്പൊ നിരക്ക് 4% മാറ്റമില്ലാതെ നിലനിർ ത്തി.
- റിവേഴ്സ് റിപ്പൊ നിരക്ക് 3.35% മാറ്റമില്ലാതെ നിലനിർത്തി. ബാങ്കുകൾ റിസർവ് ബാങ്കിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് നല്കുന്ന പലിശയാണ് റിവേഴ്സ് റിപ്പൊ നിരക്ക്.
- മാർജിനൽ സ്റ്റാന്റിങ്ങ് ഫെസിലിറ്റി നിരക്ക് 4.25% മാറ്റമില്ലാതെ നിലനിർത്തി..
- രാജ്യത്തെ കോർപ്പറേറ്റുകൾക്കും വ്യവസായ ഗ്രൂപ്പുകൾക്കും ബാങ്കിംഗ് ലൈസൻസ് നല്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ലയെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ് അറിയിച്ചു.
- വൈഫൈ കാർഡ് (കോൺടാക്റ്റ് ലെസ്സ് കാർഡുകൾ) ഇടപാടുകളുടെ പരിധി 2000 രൂപയിൽ നിന്ന് 5000 ആക്കാൻ ആർ.ബി.ഐ തീരുമാനിച്ചു.
- ഡിസംബർ 14–ാം തിയതി മുതൽ ആർ.റ്റി.ജി.എസ്. സേവനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാക്കാൻ ആർ.ബി.ഐ. ഉത്തരവിറക്കി.



### 17th December . . Pensioners Day

It was on this day in 1982 that the Supreme Court delivered a landmark judgment guaranteeing dignity and decency to the retired officials and pensioners. 'Pensioners Day'is celebrated in our country to remember, with gratefulness, the late D.S. Nakara who fought for years to bring dignity and grace to the community, through the judgment dt 17.12.1982..

On this day, let us go through the words once again in the land mark judgment given by Late Justice Y.V. Chandrachud, then Chief Justice - Supreme Court of India, in famous Nakara's case on pension.

"Pension is neither a bounty, nor a matter of grace depending upon the sweet will of the employer, nor an ex-gratia payment. It is a payment for the past services rendered. It is a social welfare measure rendering socio-economic justice to those who in the heyday of their life ceaselessly toiled for the employer on an assurance that in their old age they would not be left in the lurch"

# 'Boundless Power Of Mindful Living'




## ഡോ.കെ.ആർ.എസ്.നായർ രചിച്ച പുസ്തകം ലോക പ്രശസ്തിയിലേയ്ക്ക്

നമ്മുടെ ബാങ്കിൽ ദീർഘകാലം എ.ജി.എം ആയി പ്രവർത്തിച്ചു വിരമിച്ച ഡോ.കെ.ആർ. എസ്. നായർ കൊച്ചി സ്റ്റേറ്റ് ബാങ്ക് ലേണിംഗ് സെന്ററിലും സ്റ്റേറ്റ് ബാങ്ക് ഇന്റിറ്റ്യൂട്ട് ഒഫ് റൂറൽ ഡെവലപ്മെന്റ് ഹൈദരാബാദിലും ഫാക്കൽറ്റിയായും സേവനം അനുഷ്ഠിച്ചിട്ടു ് . കോട്ടയം മെയിൻ ശാഖയിൽ എ.ജി.എം ആയിരുന്ന ഡോ.കെ.ആർ.എസ്. കോട്ടയത്തുകാർക്കെല്ലാം സുപരിചിതനാണ്. സ്റ്റേറ്റ് ബാങ്ക് ഓഫീസേഴ്സ് അസ്സോസിയേഷന്റെ ത്രൈവാർഷിക തിരഞ്ഞെടുപ്പുകളിൽ അദ്ദേഹമായിരുന്നു നിഷ്പക്ഷനും സർവ്വസമ്മതനുമായ ഇലക്ഷൻ കമ്മീഷണർ. സംസ്ഥാനമൊട്ടാകെ അറിയപ്പെന്ന വ്യക്തിയാണദ്ദേഹം. പൗൾട്രി സയൻസിൽ ഒന്നാം റാങ്ക് ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം കാർഷിക സർവകലാശാലയിലെ അസി. പ്രൊഫസ്സർ തസ്തികയിൽ നിന്നും രാജിവച്ച് ബാങ്കിൽ ചേർന്നയാളാണ്. ബാങ്കിംഗിൽ ഒന്നാം റങ്കോടെ ബിരുദവും, ബിരുദാനന്തര ബിരുദവും ഡോക്ട്രേറ്റും എടുത്തിട്ടു ് .



ഡോ.കെ.ആർ.എസ്.നായർ

## അവലോകനക്കുറിപ്പ്

മനുഷ്യന്റെ സൂക്ഷ്മശരീര (subtle body) ത്തിന്റെ ഭാഗമായ 'ഞാൻ' എന്ന ഭാവത്തെ (ego) സ്വന്തം ഉണ്മയെന്നു തെറ്റിദ്ധരിക്കുന്നവരാണ് ഭൂരിപക്ഷം ആൾക്കാരും. അഹംബോധം അഹന്തയായി വളരുമ്പോൾ സൂക്ഷ്മ ശരീരത്തിന്റെ മറ്റു രണ്ടു ഭാഗങ്ങളും ശക്തിഹീനമാകുന്നു-- മനസ്സും ബുദ്ധിയും. ബോധപൂർവം ഇതൊഴിവാക്കി ശ്രദ്ധയും ജാഗരൂകതയും പുലർത്തി ജീവിക്കാൻ തുടങ്ങുമ്പോൾ ആത്മസത്ത ഉണർന്നു ശക്തിയാർജിക്കുന്നു. **'Boundless Power Of Mindful Living'** എന്ന പുസ്തകം ആഗോള പ്രസാധകരായ Amazon 12 രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ചു; വിപണനത്തിന്റെ അഞ്ചാം ദിവസം Amazon No 1 best seller rank (Education Reference category) കരസ്ഥമാക്കി. Teacher and Student Mentoring, Humanistic Psychology, Adult & Continuing Education എന്നീ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനത്തോട് അടുത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

** മഹാഭാരതത്തിലെ അഷ്ടാവക്രന്റെ ജനന കഥ എന്തുകൊണ്ട് ശാസ്ത്രീയമായി ശരിയാണ്?
** നൈപുണ്യം (talent) പുതുതായി സൃഷ്ടിച്ചെടുക്കാൻ പറ്റാത്തത് എന്തുകൊണ്ട്?
** നൈപുണ്യം എങ്ങനെ കണ്ടുപിടിക്കാം?
**എപ്പോഴാണ് ആത്മാവ് ശരീരത്തിൽ പ്രവേശിക്കുന്നത്?
** ആത്മാവ് ഉണ്ടെന്നതിനു തെളിവുണ്ടോ ?
** ഗർഭാവസ്ഥയിലെ ഏഴാം മാസം എന്തുകൊണ്ടാണ് നിർണ്ണായകമാകുന്നത്?
** എന്തുകൊണ്ടാണ് നമുക്കു പൂർവ്വജന്മ സ്മൃതികൾ ഇല്ലാത്തത്?
** ഔപചാരിക വിദ്യാഭ്യാസം നൈസ്സർഗിക ബുദ്ധിയെ (natural intelligence) നശിപ്പിക്കുന്നുണ്ടോ ?

** സ്വയം കാണാൻ കണ്ണിന് കണ്ണാടി തന്നെ വേണം; മനസ്സിന് സ്വയം കാണാൻ ഉപാധിയുണ്ടോ?
** വാർദ്ധക്യത്തിന്റെ വേഗത കുറയ്ക്കാൻ മാർഗ്ഗമുണ്ടോ?
ഈവക ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വായനയെ പുഷ്കലമാക്കുവാൻ പര്യാപ്തമാണ്.
'സമഗ്രവ്യക്തിത്വ വികസന'ത്തെക്കുറിച്ചുള്ള തുടർ പുസ്തകങ്ങളിൽ ഒന്നാമത്തേതാണ് ഈ പുസ്തകം.

Amazonൽ കയറി പുസ്തകത്തിന്റെ പേരു കൊടുത്താൽ 73 രൂപായ്ക്ക് വാങ്ങാം. ഒന്നു രണ്ടാഴ്ച കഴിഞ്ഞാൽ വില വർദ്ധി**ച്ചേക്കാം.**

മാനേജിംഗ് എഡിറ്റർ

# ഓർമ്മയിൽ തീ കാഞ്ഞൊരു കാലം

കഴിഞ്ഞ രണ്ടു രാവുകളിൽ വെളുപ്പിനു അല്പം തണുത്ത പോലെ തോന്നി. ഓർമ്മയിലപ്പോൾ വന്നു പണ്ടൊരു കാലം ഒരര നൂറ്റാണ്ടു മുമ്പുള്ള കാലം .

ആയിരത്തി തൊള്ളായിരത്തി അറുപതുകളിലെ ഡിസംബർ രാവുകൾ , ശരീരം വിറച്ചു കോച്ചുന്ന തണുപ്പുള്ള സമയമായിരുന്നു. വൈകുന്നേരം സൂര്യനസ്തമിച്ചാൽ തണുത്തു തുടങ്ങുകയായി അന്നൊക്കെ. മരം കോച്ചുന്ന തണുപ്പെന്നു വിളിക്കുന്ന അക്കാലത്തെ പ്രഭാതങ്ങൾ അനുഭവിക്കാത്തവർക്ക് ഇപ്പോൾ ഒന്നും മനസിലാവില്ല.

തലേന്നു വൈകിട്ടു തന്നെ മുറ്റത്തിനു പുറത്തായി കരിയില അടിച്ചു കൂട്ടി അന്നു ചെറിയ കൂമ്പാരങ്ങൾ ഉണ്ടാക്കിയിടും. പയ്യെ വെളുക്കുമ്പോൾ , ഈ കരിയില കൂമ്പാരത്തിനു തീ കൊടുത്തു , കുടുംബമടച്ച് മിണ്ടിപ്പറഞ്ഞിരുന്നു തീ കായും. വീട്ടിലെ മൂപ്പടിസ്ഥാനമനുസരിച്ച് കൊരണ്ടി, തടിമുട്ടി , ചെറിയ പരന്ന കല്ലു ഇവ കൊണ്ടൊക്കെ സ്ഥിരം ഇരിപ്പടം സജ്ജീകരിച്ചിരിക്കും.

കരിയിലക്കു പുറമേ, ചുള്ളി, ചൂട്ട്, തഴങ്ങ്, ഇവയൊ ക്കെ വിറകായി ഉപയോഗിക്കുമായിരുന്നു. തലേ ദിവസം ഇതു ശേഖരിച്ചു , യഥാസ്ഥാനത്തെ എത്തിച്ചു കൂട്ടുന്ന ചുമതല അന്നത്തെ കുട്ടികൾക്കായിരുന്നു. തണുപ്പു കാലത്തേ അവരുടെ സ്ഥിര ജോലിയായിരുന്നു ഇത്. ചിലപ്പോഴൊക്കെ തീ കായാൻ അയൽക്കാരും വരുമായിരുന്നു. ഒരുമ വരുത്തുന്ന ഒരവസരം കൂടിയായിരുന്നു ആ തീ കായൽ സമയം. തീ കാഞ്ഞിരുന്നു , ഉറങ്ങി മയങ്ങി , തുണിക്കു തീ പിടിച്ചു വിരണ്ടു ചാടിയ അനുഭവങ്ങളും ചുരുക്കമായിട്ടുണ്ടായിരുന്നു. ഈ തീ കുണ്ടത്തിൽ പച്ചക്കപ്പ പൂഴ്ത്തി ചുട്ടുതിന്നുന്ന ഏർപ്പാടും അന്നൊക്കെയുണ്ടായിരുന്നു.

ക്രിസ്തുമസ് കാലത്തെ ഈ തീ കായൽ അവസരം ആണ്ടുവട്ടത്തിൽ വന്നടുക്കാനും വിറകിനങ്ങൾ ശേഖരിച്ചുവെയ്ക്കാനും അന്നു കുട്ടികൾ ആഗ്രഹിച്ചിരുന്നു. അഞ്ചു മണിക്കു തുടങ്ങിയാൽ ഏഴു മണി വരെ ഒക്കെ തീ കാഞ്ഞിരിക്കുമായിരുന്നു. ഇതെല്ലാം ഓർത്തപ്പോൾ നല്ലൊരു മനസ്സുഖം . കൂട്ടത്തിൽ ഒരു നഷ്ടബോധവും .

ആർക്കെങ്കിലും അങ്ങനെ തോന്നുന്നുണ്ടോ?
ആരെങ്കിലും ഒന്നുകൂടി തീ കായാൻ ആഗ്രഹിക്കുന്നുണ്ടോ ?



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

## കവിത

# അതിജീവനം



ജോസ് അഴകത്ത്

ഒരു പരമാണുവിൻ സ്പർശത്താൽ
ആടിയുലയുന്നു ജീവിത നൗക....
അതിൻ അമരത്തിരുന്നു മദിച്ചവർ
അന്ത്യശ്വാസത്തിനായി മുങ്ങിപ്പൊങ്ങുന്നു
കൂടെത്തിമർത്തവർ നിസ്സംഗരാകുന്നു

കാലിട്ടടിച്ചവർ നീന്തിയകലുന്നു....
അകന്നു നിന്നവർ അപരനെത്തിരയുന്നു
നീട്ടിയ കൈകളിൽ ചാടിപ്പിടിക്കുന്നു
നീന്തിത്തളർന്നവർ ഒന്നാകെ മുങ്ങുന്നു

ആറടി മണ്ണും അന്യമായ് പ്പോകുന്നു....
ഇത് കാലം കാത്തു വച്ച കലിയുഗമോ?
അതോ പുതുയുഗത്തിൻ ശുഭാരംഭമോ?
അതിജീവനത്തിനായലയുന്ന നേരം
അകലെ മിന്നുന്നൊരുതരി വെളിച്ചം
പരക്കട്ടെ ആ പ്രത്യാശതൻ പൊൻകിരണം
പാരിടമൊന്നാകെ തൂവെളിച്ചമേകാൻ



# HAPPY NEW YEAR

Joseph Thekkanal



2020 is finally over !

Covid 19, was the demon's New Year gift for 2020,
A tiny invisible virus made the world to standstill,
Even the superpowers remain panic-stricken before the pandemic,
Social distancing supplanted socialising and man found escape in isolation,
Quarantine, containment and lockdown have become the order of the day,
More than 1.3 million people succumbed to the outbreak,
Economy collapsed and unemployment shot up,
A year in contemporary human life has been lost forever.

Let us aspire for a better 2021, devoid of this pandemic.

Let us forget the days of uncertainty,agony and chaos,
Carry over only the happiness and goodness of yesteryear,
A new dawn awakes, with full of aspirations,
A year of hopes and dreams, with endless possibilities.
Let us spread the fragrance of love,
compassion and kindness around us,
Let the dove of peace fly to the far flung corners of the world,
Let us move ahead hand in hand, heart to heart,
And make the dream heaven on earth.




# എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന് തൃശ്ശൂരിൽ ഓഫീസ്

തൃശ്ശൂർ എസ്.ബി.ഐ.അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പരിധിയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന് കേരളത്തിൽ ആദ്യമായി ഓഫീസ് അനുവദിച്ചു കൊ ്ട ഡെ. ജനറൽ മാനേജർ ശ്രീ.രാജേഷ്. ആർ.യെണ്ണമാഡി ശ്രദ്ധേയ നായി. കരുണാകരൻ നമ്പ്യാർ റോഡിലെ വെസ്റ്റ് പള്ളിത്താനം ബിൽഡിങ്ങിൽ ഒന്നാം നിലയിലാണ് ഓഫീസ് അനുവദിച്ചത്.

ബാങ്ക് മാനേജ്മെന്റും പെൻഷൻകാരുടെ സംഘടന യും തമ്മിൽ സഹകരിച്ച് പ്രശ്നങ്ങൾ പരിഹരിക്കു ന്നതിന് എസ്.ബി.ഐ. കൈക്കൊണ്ട സുപ്രധാന നീക്കമായിട്ടാണ് അംഗങ്ങൾ കരുതുന്നത്. ഇക്കാര്യത്തിൽ ബാങ്കിന്റെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുണ്ടായിട്ടും മടിച്ചു നില്ക്കുന്നവർക്കും ഓരോരോ കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുന്നവർക്കും വഴികാട്ടിയായതിന് തൃശ്ശൂർ അഡ്മിനിസ്ട്ര റ്റിവ് ഓഫീസ് ഡെ. ജനറൽ മാനേജർ ശ്രീ. രാജേഷ്. അർ.യെണ്ണമാഡിയെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല.




മനോഹരമായി സജ്ജീകരിച്ച് അനുവദിച്ച് തന്ന പുതിയ ഓഫീസ്



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.റ്റി.റ്റി.ബാലകൃഷ്ണൻ പുതിയ ഓഫീസിൽ



ഔദ്യോഗിക ഉദ്ഘാടനം കോവിഡ്-19 മാർഗ്ഗനിർദ്ദേ ശങ്ങൾക്കനുസരിച്ച് പിന്നീട് നടത്തും. ഇപ്പോൾ ഓഫീസ് പ്രവർത്തനം ആരംഭിച്ചു.

# എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗം



എ ജയകുമാർ
ജനറൽ സെക്രട്ടറി

എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗം ഡിസംബർ 6–ാം തിയതി 10 മണി മുതൽ 3 മണി വരെ ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 31 അംഗങ്ങൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ അദ്ധ്യക്ഷത വഹിച്ചു.

അനന്തരം ഈ കാലയളവിൽ നമ്മെ വിട്ട് പിരിഞ്ഞ അംഗങ്ങളെ അനുസ്മരിക്കുകയും പരേതാത്മാക്കളുടെ ആത്മശാന്തിക്കായി പ്രർഥനയോടെ ഒരു മിനിട്ട് മൌനം ആചരിക്കുകയും ചെയ്തു.

പ്രസിഡന്റ് ശ്രീ. സംസ്ഥാന ജനറൽ സെക്രട്ടറി എ.ജയകുമാർ, കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. നവംബർ 30 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ

- സ്പെഷ്യൽ ബുള്ളറ്റിൻ
- ലൈഫ്സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാര്യങ്ങൾ
  - സ്ട്രച്ചേർഡ് മീറ്റിംഗിലെ തീരുമാനങ്ങൾ
  - പോളിസി - ബി ( SBI health assist ) ഇൻഷുറൻസ് ജനുവരി ആദ്യവാരം പുതുക്കേണ്ടതിനെപ്പറ്റിയും
  - വീട്ടുപടിക്കൽ മരുന്നു ലഭ്യമാകുന്ന ഈ-ഫാർമസി സൗകര്യത്തെകുറിച്ചും
  - സംസ്ഥാന തലത്തിൽ തുടങ്ങാൻ ആലോചിക്കുന്ന ബെനവലന്റ് ഫണ്ടിനേ പറ്റിയും ചർച്ച നടന്നു.
  - എല്ലാ ജില്ലാ കമ്മറ്റികളുടേയും പ്രവർത്തനങ്ങൾ വിലയിരുത്തി.

അസ്സോസിയേഷന്റെ വെബ് സൈറ്റ് എല്ലാവരും ദിവസവും നോക്കണമെന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കണമെന്നും സെക്രട്ടറി ആവശ്യപ്പെട്ടു. യോഗം 4 മണിയോടെ അവസാനിച്ചു.

.

## English is FULL of contradictions

**Here are some funny ones:**

1) Found Missing
2) Open Secret
3) Small Crowd
4) Act Naturally
5) Clearly Misunderstood
6) Fully Empty
7) Pretty Ugly
8) Seriously Funny
9) Only Choice
10) Original Copies
11) Exact Estimate
12) Tragic Comedy
13) Foolish Wisdom
14) Liquid Gas

**And The newest Mother of all is**
**15) "Social Distancing'**



# എസ്.ബി.ഐ. ഹെൽത്ത് അസ്സിസ്റ്റ് പോളിസി
# എസ്.ബി.ഐ. ഹെൽത്ത് കെയർ പോളിസി

## താരതമ്യ പഠനം

### SALIENT FEATURES AND COMPARISION

(SBI Corporate Centre Circular No.CDO/P^HRD-PPFG/65/2019-2020 dated 27.12.2019 & CDO/P^HRD-PPFG/60/2020-21 dated 15.12.2020)

*CHANGE IN THE NAMES OF MEDICAL BENEFIT SCHEMES*

POLICY A (REMBS) – ***SBI HEALTH CARE*** – ONE TIME PAYMENT PLAN – OTPP :: POLICY B – ***SBI HEALTH ASSIST*** – ANNUAL PAYMENT PLAN – APP

SERVING INSURANCE AGENCY: SBI GENERAL INSURANCE COMPANY LIMITED (A joint venture of SBI (70%) and Insurance Australia Group (26%)

Special Features: √ 1. Cost of premium for Super Top-Up Plan will be paid by Bank :: √ 2. No upward revision of premium for 3 years

√ 3. 50% concession for all Family Pensioners and Pensioners above 70 years of age - ₹8271-00 Maximum- (as on 16.01.2021)

(But the full premium has to be paid when joining the scheme and after approval 50% will be credited directly to the Pensioners accounts)

| PARTICULARS | POLICY B | POLICY A (REMBS) |
|---|---|---|
| ELIGIBILITY | 1. Existing Members<br>2. Retirees from October 2019 to December 2019 (no waiting period) and retiring employyes from 16.01.2020 (within 90 days) – Eligible for prorata premium<br>3. Spouses of deceased employees (within 120 days)<br>4. All left out retirees, e-AB retirees and their spouses (30 days waiting period from the date of joining) | 1. Existing Members<br>2. Members will have 30 days waiting period from the date of joining – FULL PREMIUM HAS TO BE PAID<br>3. All left out retirees, e-AB retirees and their spouses (30 days waiting period from the date of joining)<br>FOR ALL NO REIMBURSEMENT OF ONGOING HOSPITALISATION EXPENSES |
| BASIC PLAN | (Instead of previous Policy B having 4 plans for ₹3.00; ₹4.00; ₹5.00 and ₹10.00 lac (WITH or WITHOUT DOMICILLIARY PLANTS) – now has only two plans for ₹3.00 and ₹5.00 lac – ~~NO DOMICILLIARY PLAN)~~ | Designation based premium payment is withdrawn and instead medical need based premium payment is introduced.<br>The premium amount is almost doubled |
| | **Previous:**<br>₹3.00 lac – ₹18952.00 – ₹49206.00<br>₹4.00 lac – ₹29920.00 – ₹74361.00<br>₹5.00 lac – ₹42636.00 – ₹102608.00<br>₹10.00 lac – ₹127298.00-₹251951.00<br>**New:**<br>₹3.00 lac – ₹19520.00<br>₹5.00 lac – ₹43390.00 | **Previous:**<br>All upto MMGS-III-₹7.00 L - ₹87500.00<br>SMGS-IV & V – ₹10.00 L - ₹125000.00<br>DGM/GM – ₹15.00 L - ₹187500.00<br>CGM – ₹20.00 L - ₹250000.00<br>**New:**<br>₹7.00 L - ₹1.63 L<br>₹10.00 L – ₹2.30 L<br>₹15.00 L – ₹3.00 L<br>₹20.00 L – ₹3.75 L |
| SUPER TOP UP PLAN | **Previous:**<br>₹ 3.00 L – ₹7019.00<br>₹ 4.00 L – ₹7609.00<br>₹ 5.00 L – ₹8216.00<br>₹10.00 L – ₹8874.00<br>**New:**<br>PREMIUM WILL BE PAID BY BANK<br>Another important benefit in the new policy is AILMENTWISE EXPENDITURE CAPPINGS IS ALMOST INCREASED SUBSTANTIALLY IN ALL CASES | **New**<br>(Residual balance with REMBS) – TOTAL PREMIUM WILL BE PAID BY THE TRUST<br>₹3.00 L to below ₹10.00 L – ₹9.00 L (includes ₹6.00 L Super Top Up)<br>₹10.00 L & above – ₹11.00 L (includes ₹6.00 L Super Top Up) |
| CRITICAL ILLNESS COVER | PREVIOUS – ₹5.00 L – ₹16298.00 | NEW – ₹3.00 L - ₹35773.00 - ₹5.00 L – ₹59643.00 |
| DOMICILLIARY PLAN | NO SUCH PLAN IN THE NEW POLICY B – SBI Health Assist. Instead there is a provision of e-Pharmacy to be applied online through URWORLD App of M/s Apollo Life) to get reimbursement of ₹18000.00 when you pay ₹6000.00 as premium; ₹12000.00 will be paid by the Bank. (outside the Insurance Policy). The procedures are released in Second Innings book Apl-Sep-2020 (Page 43 & 44). If you do not use ₹6000.00 or above, your premium is not refundable. In Policy A this is not the case; your policy base will remain in tact. | Domicilliary plan is available as hitherto.<br>1% of limit of Policy (per year)<br>₹3.00 L - ₹3000.00<br>₹4.00 L - ₹4000.00<br>₹5.00 L - ₹5000.00<br>₹7.00 L - ₹7000.00<br>₹10.00 L - ₹10000.00<br>₹15.00 L - ₹15000.00<br>₹20.00 L - ₹20000.00 |
| PERIOD | ~~IFFCO-Tokio General Insurance Co Ltd~~ | SBI General Insurance Co Ltd |
| Policy A | ~~01.06.2019 to 31.03.2020~~ | 16.01.2021 to 15.01.2022 |
| Policy B | ~~----------~~ | 16.01.2021 to 15.01.2022 |

***FROM 16.01.2021 – BOTH POLICY A and POLICY B WILL BE RENEWED WITH SBI GENERAL INSURANCE CO LTD***

Retiree Members are requested to go through the New and Old circulars for further clarifications. This chart gives you only an idea about the schemes. **Compiled by S.Devadas, Palani - 9442250104**

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ നവംബർ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ഡിസംബർ 11–ാം തീയതി വെള്ളിയാഴ്ച്ച ഓൺലൈനില്ക്കൂടി നടത്തി. അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി. എസ്. നറുക്കെടുപ്പും നടത്തി.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഡിസംബർ മാസത്തിലെ നറുക്കെടുപ്പ് ഡിസംബർ 11–ാം തീയതി വെള്ളിയാഴ്ച്ച 11.30ന് ഓൺലൈനിൽ നടത്തി. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 1. 25000 രൂപായുടെ കുറി – വട്ടമെത്തി
2. 25,000 രൂപായുടെ കുറി – വട്ടമെത്തി
3. 50,000 രൂപായുടെ കുറി – വട്ടമെത്തി
4. 100,000 രൂപായുടെ കുറി –(88) ശ്രീ. ജേക്കബ്ബ് ജോർജ്ജ്

5. 100,000 രൂപായുടെ കുറി –(116)ശ്രീ വി.ആർ.ബലകൃഷ്ണൻ നായർ

6. 100,000 രൂപായുടെ കുറി – (132) ശ്രീ. സി.കെ ജോസഫ്

7 100,000 രൂപായുടെ കുറി ( 153)ശ്രീമതി. കൊച്ചുറാണി മാത്യൂ

8. 100,000 രൂപായുടെ കുറി ( 177)ശ്രീമതി. മെറിന എബ്രഹാം

നറുക്കെടുപ്പിൽ വിജയിച്ചവർക്ക് 2021 ജനവരി മാസം 8–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു.

## ക്ലെയിം ചെയ്യുന്നതിന്

ക്ലെയിംചെയ്യുന്നതിനുള്ള അപേക്ഷാഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

കൊറോണാ വൈറസ് വ്യാപനം അധികരിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാൻ കഴിഞ്ഞിട്ടില്ല. ഓഫീസ് മുഴുവൻ സമയവും പ്രവർത്തിക്കുവാനും സാധിക്കാത്ത സാഹചര്യത്തിൽ ഈ മാസത്തിൽ പുതിയ "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് അപേക്ഷകർ ആരുമില്ല.

### . സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 6 പേർക്ക് "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീ. ഇമ്മാനുവേൽ.വി.എ. വട്ടക്കാട്ട്, കാപ്പാട്
2.ശ്രീമതി.സൂസമ്മ ജോർജ്ജ്, കാഞ്ഞിരത്തിനാൽ,
3.ശ്രീമതി.ഷീജ.പി. പായിക്കാട്ട് വടക്കേമഠം
4. .ശ്രീമതി.ഏലിക്കുട്ടി ജോസഫ്, കുംബളംചിറ
5. അരുൺ കുര്യൻ, കാലായിൽ
6. ശ്രീ. ജോർജ്ജ് എബ്രഹാം, മുടക്കാമ്പുറത്ത് , തലയോലപ്പറമ്പ്

നവാഗതർക്ക് സ്വാഗതം!

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നു കുറികൾ വട്ടമെത്തു ന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ്.കുറി ഉടൻ ആരംഭിക്കുകയാണ്. വട്ട മെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

## എസ്.ബി.ഐ. ഷെയറുകൾ ഡീമാറ്റ് ചെയ്യുന്നതിന്

SBI CAPS SALES TEAM CONTACT LIST

| Sl No. | AO | Employee Name | Mobile No |
|---|---|---|---|
| 1 | TRIVANDRUM | Vipin V L | 7293526184 |
| 2 | KOLLAM | Midhun | 9895122702 |
| 3 | KOTTAYAM | Milton | 9567049976 |
| 4 | ERNAKULAM | Chithu | 7907711781 |
| 5 | THRISSUR | Milton | 9567049976 |
| 6 | KOZHIKKODE | Shine | 8086666077 |
| 7 | KERALA HEAD | Sailesh | 9946007676 |

**SBICAP** പ്രതിനിധികളുടെ വിവിധ ജില്ലകളിലെ ഫോൺ **Nos** , എസ്.ബി.ഐ. ഷെയറുകൾ ഡീമാറ്റ് ചെയ്യുന്നത് സംബന്ധിച്ച് ഇവരുമായി ബന്ധപ്പെടാം.

# മെഡിക്കൽ ഇൻഷുറൻസ് സ്കീം - എസ്.ബി.ഐ. ഹെൽത്ത് അസ്സിസ്റ്റ് പോളിസി പുതുക്കലും പുതിയ ചേർക്കലും



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

നമ്മുടെ സംഘടന ആവശ്യപ്പെട്ടതനുസരിച്ചു ,ബാങ്ക് ,ഈ വർഷം മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ഇത് വരെ ചേരാത്ത എല്ലാ എസ് ബി ഐ റിട്ടയറീസിനും മുൻ അസോസിയേറ്റ് ബാങ്കിൽ നിന്ന് വിരമിച്ചവർക്കും അവരുടെ ഫാമിലി പെൻഷൻകാർക്കും പുതിയതായി ചേരാൻ അവസരം തന്നിരിക്കുകയാണ് അതോടൊപ്പം കഴിഞ്ഞ വർഷം ചേർന്നവർക്ക് പുതുക്കാനും.

എസ്.ബി.ഐ. ഹെൽത്ത് കെയർ പോളിസിയിൽ ((പോളിസി A/ REMBS) നിലവിൽ അംഗത്വം ഉള്ളവർക്കും അതിൽ ബാലൻസ് കുറവുള്ളവർക്കും (മൂന്ന് ലക്ഷത്തിൽ താഴെ) പുതിയതായി ചേരാൻ നിർദ്ദേശിച്ചിരിക്കുകയാണ് എന്ന വിവരം അറിഞ്ഞു കാണുമല്ലോ. അതിന്റെ സർക്കുലർ നമ്പർ :P&HRD Sl No 1122/20-21 dated 15-12-2020. ആ സർക്കുലറിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു :

സ്കീമിൽ പുതിയയായി ചേരാനും പുതുക്കാനും ഉള്ള തീയതി : 16-12-2020 മുതൽ 15-01-2021 വരെ

പോളിസി പ്രാബല്യത്തിൽ വരുന്ന തീയതി : 16-01-2021

അപേക്ഷ ഫാറം : പുതിയതായി ചേരാൻ : Annexure 1

പുതുക്കൽ (Consent form) - Annexure 2

ഈ സ്കീമിന്റെ പ്രത്യേകതകൾ :

അടിസ്ഥാന പരിരക്ഷയും അതിന്റെ മുകളിൽ 6 ലക്ഷം രൂപയുടെ ടോപ് അപ്പ്

പ്ലാൻ ഒന്ന് = 3 + 6 = 9 ലക്ഷം ;പ്രീമിയും 19520/-രൂപ

പ്ലാൻ രണ്ട് = 5+ 6 = 11 ലക്ഷം :പ്രീമിയും 43390/-രൂപ

## ഇളവുകൾ :

70 വയസ്സ് തിഞ്ഞവർക്കും (as on 16-01-2021) അതിന് മുകളിൽ പ്രായ മുള്ളവർക്കും, എല്ലാ ഫാമിലി പെൻഷൻ കാർക്കും അടിസ്ഥാന പ്രീമിയത്തിന്റെ 50%അതായത് ,8271/- രൂപ റീഫണ്ട് ചെയ്തു അക്കൗണ്ടിൽ അടുത്ത മാസത്തെ പെൻഷന്റെ ഒപ്പം അയച്ചുതരും

- e-ഫാർമാസി സൗകര്യം

6000 രൂപയുടെ മരുന്ന് വാങ്ങിയ ശേഷം വരുന്ന അടുത്ത 12000/-രൂപ യുടെ മരുന്നിന്റെ വില ബാങ്ക് വഹിക്കുന്നു. കൂടാതെ 18% ഡിസ്കൗണ്ടും (during the policy period only - 16-1-2021 to 15-1-2021)

അപേക്ഷ കൊടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പുതിയ അപേക്ഷകൾ

കോളം 1 എ :
01-04-2017 ന് ശേഷം എസ് ബി ഐ യിൽ നിന്ന് റിട്ടയർ ചെയ്തവർ PF No ( SBI) HRMS No (esbt )
കോളം 1 ബി :
01-04-2017 ന് മുൻപ് esbt or മറ്റ്
e -അസ്സോസിയേറ്റിൽ നിന്ന് റിട്ടയർ ചെയ്തവർ : അവരുടെ PF No ഉം SBT/ SBH / SBM etc എന്ന് കുടി കൊടുക്കണം കൂടാതെ അവരുടെ HRMS no കുടി ചേർക്കുന്നത് നല്ലതാണു .

- ഫാമിലി പെന്ഷനെർ :

കോളം 3 മുതൽ 11 , 18 & 19 വരെ ഫാമിലി പെന്ഷനെർ ക്ക് ബാധകമല്ല അറിയാവുന്ന കാര്യങ്ങൾ എഴുതുക 12 മത്തെ കോളത്തിൽ അവരുടെ ജനന തീയതി കൊടുക്കുക

കോളം 9: esbt റിട്ടയറീസ് 1V ടിക്ക് ചെയ്യുക

കോളം 20: ബാങ്ക് ഫാമിലി പെന്ഷനെറായി അംഗീകരിച്ച പരിമിതിയുള്ള കുട്ടികൾ ഉള്ളവർ മാത്രം

കോളം 25: ക്രിട്ടിക്കൽ ഇൽനെസ്

65 വയസിന് താഴെ ഉള്ളവരും അതിൽ ചേരാൻ താല്പര്യമുള്ളവർ മാത്രം 16253:- രൂപയുടെ അധിക പ്രീമിയം അടിസ്ഥാന പ്രീമിയത്തിനൊപ്പം അടയ്ക്കണം .നേരത്തെ ചേർന്നവർക്കു പുതുക്കുന്നതിന് വയസ്സ് ബാധകമല്ല

- പ്രീമിയും അടയ്ക്കേണ്ട വിധം :

അക്കൗണ്ടിൽ നിന്ന് തെരുഞ്ഞെടുത്ത പ്രീമിയും പിടിച്ചു അതാത് AO ഓഫീസിലെ അക്കൗണ്ടിൽ ബ്രാഞ്ച് നിക്ഷേപിക്കും ചെക്കിന്റെ ആവശ്യമില്ല .

- അക്കൗണ്ട് നമ്പറുകൾ

കോട്ടയം 37450640591
എറണാകുളം 35440564976
കൊല്ലം 37446479446
കോഴിക്കോട്: 35463712423

തൃശ്ശൂർ 36922550654
തിരുവനന്തപുരം 35465086912

- നമ്മുടെ ഒരു കൈത്താങ്ങ്

ഇത് വരെയും ഒരു സ്കീമിൽ ചേരാത്തവർ നമ്മുടെ ചുറ്റുവട്ടത്തുണ്ടാകാം പല കാരണം കൊണ്ട് , ആരും പറഞ്ഞു കാണുകയില്ല. ,ഒരു പക്ഷേ നമ്മുടെ സംഘടനയുമായി ബന്ധമില്ലായിരിക്കാം ,അവർ നമ്മുടെ സഹാദരരാണ് , അവർക്ക് കുടി മെഡിക്കൽ ഇൻഷുറൻസ് സ്കീമിന്റെ പ്രയോജനം കിട്ടണം . എങ്കിൽ ഒരു ഫോൺ വിളി അവരും ഈ സ്കീമിൽ ചേരും. വേണ്ട സഹായം ചെയ്താൽ അവരും നമ്മോടൊപ്പം ചേരും ,

PS മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെപ്പറ്റി കൂടുതൽ അറിയുവാൻ സ്പെഷ്യൽ ബുള്ളറ്റിൻ പേജ് 38 മുതൽ 53 വരെയുള്ള പേജ് കാണുക

## ചില പ്രവർത്തകർ സംശയം ചോദിച്ച വിഷയങ്ങളെപ്പറ്റി താഴെ പറയുന്ന മറുപടി ഇൻഷുറൻസ് ബ്രോക്കർ ആനന്ദ് രതി കേരള തലവൻ ശ്രീ അഭിലാഷ് വർമ്മ തന്നിരിക്കുന്നു



എ.ജയകുമാർ, ജനറൽ സെക്രട്ടറി
തിരുവനന്തപുരം

ചോദ്യം ഒന്ന് : സ്കീമിൽ രണ്ട് പ്ലാനുകളാണ് ഉള്ളത്

1) 3ലക്ഷം അതിന്റെ കൂടെ 6 ലക്ഷം ടോപ് അപ്പ്
2) 5 ലക്ഷം അതിന്റെ കൂടെ 6 ലക്ഷം ടോപ് അപ്പ്
ഇപ്പോൾ പുതുക്കുന്ന സമയത്തു ഇഷ്ടമുള്ള പ്ലാൻ തെരുഞ്ഞെടുക്കാമോ ?

ഉദാ : 3 ലക്ഷത്തിന്റെ പോളിസി ആണ് ഇപ്പോൾ ഉള്ളതെങ്കിൽ പുതുക്കുമ്പോൾ 5 ലക്ഷത്തിന്റെ പോളിസി എടുക്കാമോ ?
അതുപോലെ നിലവിൽ 5 ലക്ഷം പോളിസി ഉള്ള ആളിന് പുതുക്കുമ്പോൾ 3 ലക്ഷത്തിന്റെ പ്ലാനിലേക്കു മാറാമോ ?

ഉത്തരം : ആനന്ദ് രാതി: രണ്ടും അനുവദിനീയമാണ് ഏത് പ്ലാൻ വേണമെങ്കിലും എടുക്കാം

ചോദ്യം രണ്ട് :ക്രിറ്റിയ്ക്കൽ ഇൽനെസ്സ് കവർ

നിലവിൽ 65 വയസ്സിന് താഴെയാണ് ക്രിറ്റിക്കൽയ്ക്കൽ ഇൽനെസ്സ് കവർ എടുത്തിട്ടില്ല , പുതുക്കുമ്പോൾ പുതിയതായി ക്രിറ്റിക്കൽ ഇൽനെസ്സ് കവർ എടുക്കാമോ ?

ഉത്തരം : ആനന്ദ് രതി

നിലവിൽ ഇല്ലെങ്കിലും പുതുക്കോമ്പോൾ ക്രിറ്റിക്കൽ ഇൽൻസിനുള്ള പ്രിമിയും അടച്ചു അതിൽ ചേരാം ഒരു വ്യവസ്ഥ 65 വയസ്സിന് താഴെ ആയിരിക്കണം മാത്രമല്ല 90 ദിവസത്തെ കാത്തിരിപ്പും അതിന് ശേഷം കണ്ടുപിടിക്കുന്ന 14 ഇന രോഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ 30 ദിവസം എങ്കിലും ജീവിച്ചിരിക്കണം.

## നർമ്മ വീഥി






OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

I found this very innovative Notice Boards:

Forest Dept: "Shoot the bird with camera not with Gun..."
Traffic Dept: "Donate blood, But not on Roads..."
Petrol Pump: "No smoking" " Your life may be worthless but our petrol is Costly"
And Finally best one!!
Hospital Board:- "If you still want to continue looking @ girls, even after your Death
"DONATE YOUR EYES"




# യാത്ര



ശ്രീ.മാണി.റ്റി.ചെറിയാൻ

ട്രെയിൻ നേരത്തെ എത്തിയോ ? ആളുകളെല്ലാം ഇറങ്ങാൻ തുടങ്ങുന്നു. ഏതാ സ്റ്റേഷൻ എന്ന് മനസ്സിലായില്ല.

“‘ചേട്ടാ ഇതേതാ സ്റ്റേഷൻ ?"

“ഹെഡ്ഗേവാർ സ്റ്റേഷനായി. ലാസ്റ് സ്റ്റോപ്പാ”

“‘ലാസ്റ് സ്റ്റോപ്പ് എർണാളം സൗത്ത് അല്ലെ ?. ഇതോതോ കർണാടകയിലെ സ്ഥലപ്പേര് പോലെ !.”.‘

‘ഈയാളിത് എവിടത്തു കാരനാ ? സൗത്തിന്റെ പേര് ഹെഡ്ഗേവാർ ജംഗ്ഷൻ എന്നാക്കിയത് അറിയാമ്പാടില്ലേ ?. ആട്ടെ തനിക്കു എങ്ങോട്ടാ പോണ്ടത് ?‘

“‘‘ജോസ് ജംഗ്ഷനിൽ ഒരു കടയിൽ പോണം“‘ .‘

“‘ഇപ്പൊ ജോസ് ജംഷനൊന്നും ഇല്ല‘‘
“‘‘അയ്യോ .. ഈ സ്റ്റേഷൻ റോഡിന്നു ചിറ്റൂർ റോഡ് മുറിച്ചു കടന്നു സദനം റോഡ് വഴി എംജി റോഡിലെത്തുമ്പോഴുള്ള ജംഷനില്ലെ? അതാണ് ജോസ് ജംക്ഷൻ“‘ ..‘
‘ഈയാളിത് എന്താ പറയുന്നത് ? ഹെഗ്ഡെവർ മാർഗിൽ നിന്ന് പ്രഗ്യാ സിങ് റോഡ് മുറിച്ചു കടന്നു അസീമാനന്ദ റോഡ് വഴി ഗോഡ്സെ റോഡിലെത്തുമ്പോഴുള്ള ജങ്ഷനല്ലേ ? അതാണ് ശംഭുലാൽ റെഗെർ ജംഗ്ഷൻ.‘
‘ദൈവമേ ഇവരൊക്കെ ആരാ ?‘
“‘‘വലിയ സ്വാതന്ത്ര്യ സമര പോരാളികളാ. അല്ല ചേട്ടൻ ഏതു നാട്ടിലാ ജീവിക്കുന്നത് ?“‘‘

“‘‘ഇവിടെയൊക്കെ തന്നെ ആയിരുന്നു . കൊറോണ കാരണം കുറച്ചു നാളായി പുറത്തിറങ്ങിയിട്ടില്ല.”

*വാട്സാപ്പിൽ അയച്ചു തന്നത്

Think before wishing anyone happy New Year 2021 🤣😂🤣



# കൗതുക വാർത്തകൾ



**They took it over with a majority, but none of them knows how to drive !**




## മാർകിസാസ് ഗോത്രവർഗ്ഗക്കാരുടെ ഫോട്ടോ ആദ്യമായി പങ്കുവെച്ച് ബ്രിട്ടീഷ് ഫോട്ടോഗ്രാഫർ...

പസഫിക് സമുദ്രത്തിനു നടുവിൽ കഴിയുന്ന മാർകിസാസ് ദ്വീപസമൂഹം ശാന്തമഹാസമുദ്രത്തിനു നാടവിൽ ഒരു പൊട്ടുപോലെ കാണപ്പെടുന്ന ഒരു പറ്റം ദ്വീപുകളാണ്. അവിടെയാണ് ഈ ഭൂഗോളത്തിൽ ഏറ്റവും കുറച്ചുമാത്രം പരിഷ്കൃത സമൂഹവുമായി സമ്പർക്കം പുലർത്തിയിട്ടുള്ള ഗോത്ര വർഗ്ഗക്കാരിൽ ഒരു കൂട്ടർ താമസിക്കുന്നത്. മാർകിസാൻസ് എന്നറിയപ്പെടുന്ന ഈ ദ്വീപുനിവാസികളോടൊപ്പം ആഴ്ചകളോളം താമസിച്ച് അവരുടെ വിശ്വാസം ആർജിച്ച ശേഷം, ബ്രിട്ടീഷ് ഫോട്ടോഗ്രാഫർ ആയ ജിമ്മി നെൽസൺ ആണ്, ആദ്യമായി അവരുടെ ചിത്രങ്ങളെടുത്ത് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

ദേഹത്ത് നിറയെ പച്ചകുത്തുന്ന സ്വഭാവക്കാരാണ് ഇവരിലെ പുരുഷന്മാർ. ഇലകളും പൂക്കളും ഒക്കെക്കൊണ്ടാണ് സ്ത്രീപുരുഷന്മാർ നാണം മറയ്ക്കുന്നത്. കുതിരപ്പുറത്താണ് സ്ഥിരംയാത്ര. പന്ത്രണ്ട് ദ്വീപുകൾ ഉള്ളതിൽ ആകെ ആറെണ്ണത്തിൽ മാത്രമേ ജനവാസമുള്ളൂ. ഏറ്റവും അടുത്തുള്ള പരിഷ്കാരത്തിന്റെ പച്ചപ്പ്, 880 കിലോമീറ്റർ അകലെ കിടക്കുന്ന ഫ്രഞ്ച് പോളിനേഷ്യൻ ടൂറിസ്റ്റ് കേന്ദ്രമായ താഹിതി ആണ്. അത് ഇവിടെ നിന്ന് നാലുമണിക്കൂറെങ്കിലും പറന്നാൽ മാത്രമേ എത്തൂ. ആംസ്റ്റർഡാം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന 53 കാരനായ ജിമ്മി ഗോത്രവർഗ്ഗക്കാരുടെ ചിത്രങ്ങൾ എടുക്കുന്നതിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു പ്രൊഫഷണൽ ഫോട്ടോഗ്രാഫർ ആണ്.




പസഫിക് സമുദ്രത്തിനു നടുവിൽ കഴിയുന്ന മാർകിസാസ് ഗോത്രവർഗ്ഗക്കാരുടെ ഫോട്ടോ ആദ്യമായി പങ്കുവെച്ച് ബ്രിട്ടീഷ് ഫോട്ടോഗ്രാഫർ

ഉപഭോഗസംസ്കാരത്തിന്റെ, വികസനത്തിന്റെ ഒന്നും കണ്ണുകളോ പിടികളോ ഒന്നും തന്നെ ഇവിടേക്ക് ഇതുവരെ വന്നെത്തിയിട്ടില്ല. ഇവർക്ക് ഇംഗ്ലീഷ് അറിയാത്തതുകൊണ്ട് ജിമ്മി ആംഗ്യഭാഷയുടെ സഹായത്തോടെയാണ് സംവദിച്ചതും ചിത്രങ്ങളെടുക്കാൻ സമ്മതം തേടിയതും. ഈ അപൂർവ സുന്ദര ചിത്രങ്ങൾ ജിമ്മിയുടെ ദ ലാസ്റ്റ് സെന്റിനൽസ് എന്ന പുസ്തകത്തിലൂടെ ജനങ്ങളിലേക്ക് എത്തും.

കടപ്പാട്❤asianetnews

## കൃത്രിമ മാംസം യാഥാർത്ഥ്യമാകുന്നു



കൃത്രിമ മാംസത്തിന് വിപണനാനുമതി നൽകി സിംഗപ്പൂർ









## നവംബർ മാസം റിട്ടയർ ചെയ്ത സുഹൃത്തക്കളോട് ..

1. ശ്രീ ശശി പി വി
2. ശ്രീ സുകുമാരൻ ടി ടി
3. ശ്രീമതി സുധ കെ
4. ശ്രീമതി ഗീതാ പി എം

5. ശ്രീമതി വത്സല ജോസഫ് എം
6. ശ്രീ വിജയകുമാർ കെ എസ് നായർ
7. ശ്രീ ജെനേന്ദ്രൻ എം എൻ
8. ശ്രീ ഉസ്മാൻ കെ ബീരാൻ
9. ശ്രീമതി ഗിരിജാ വി പി
10. ശ്രീ വിശ്വംഭരൻ ടി എം
11. ശ്രീ ഓമനക്കുട്ടൻ നായർ പി
12. ശ്രീ ഗോകുൽദാസ് എൻ പി
13. ശ്രീ സുരേഷ് കെ നടുവത്ത്
14. ശ്രീ സുന്ദരൻ എം താഴത്ത്
15. ശ്രീ മനോഹരൻ പി
16. ശ്രീമതി ഓമന കെ
17. ശ്രീ ജോൺസൺ സി ടി
18. ശ്രീ സതീഷ് വർഗിസ് പി
19. ശ്രീമതി അനിത ഭായി
20. ശ്രീ ജോസ് പി റോസാന്റോ
21. ശ്രീ ചന്ദ്രൻ കെ സി
22. ശ്രീമതി വിജയലക്ഷ്മി എൻ
23. ശ്രീ ഗോപു ജി
24. ശ്രീ ജയരാമൻ പൊന്നുസ്വാമി

## 2020 ഡിസംബർ
## വിരമിക്കാൻ തയ്യാറെടുക്കുന്ന നമ്മുടെ സഹോദരങ്ങൾ

1) ജോയി അബ്രഹാം
2) മോഹനൻ കെ എം
3) ജോൺ എം യു
4) ഗുണേന്ദ്രൻ എം
5) ജോസഫ് അറയ്ക്കൽ
6) ദേവസ്യ എം ഡി
7) സൂസൻ കെ റ്റി
8) ലളിതാമ്മ എസ്
9) ഗിരീഷ് കുമാർ കെ
10) ഗംഗാധരൻ റ്റി
11) കൃഷ്ണൻ എൻ കെ
12) കനകരാജ് കെ
13) മുരളീധരൻ പി പി
14) സതീഷ് കുമാർ കെ ജീ
15) ജ്യോതി വി
16) പി പ്രകാശ്
17) സുജാത എൻ
18) ഫ്രാൻസിസ് ഇ എസ്
19) മേരിക്കുട്ടി എം കുരുവിള
20) വിജയകുമാർ കെ
21) ജോസ് പി ജി

ജീവിതത്തിന്റെ ഒരു ഭാഗമായിരുന്ന വലിയ ഒരു ബാങ്കിംങ് പ്രസ്ഥാനത്തോട് നല്ല ഓർമകളുമായി വിട പറയുന്നു എല്ലാവർക്കും ബാങ്ക് ഔചാരികമായി യാത്രയയപ്പ് തന്നിട്ടുണ്ടാവും .അതിന് സാക്ഷികളാകണമെന്നു നിങ്ങളുടെ സീനിയർസ് ആയ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിന് സാധിച്ചില്ല .ഇനിയുള്ള നിങ്ങളുടെ രണ്ടാം ഇന്നിംഗ്സ്ൽ നിങ്ങൾക്ക് ഒരു തണലായി നമ്മുടെ പെൻഷനേഴ്സ് അസ്സോസിയേഷൻ നിങ്ങളുട കൂടെയുണ്ട്. എല്ലാവരെയും ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു.



ഒരിക്കൽ കുടി എല്ലാവർക്കും ആശംസകൾ നേരുന്നു.

## യാത്രയയപ്പ്




### ശ്രീമതി. ജ്യോതി.വി.

37 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ആലുവ ടൗൺ ശാഖയിൽ നിന്നും ഡെ. മാനേജരായി വിരമിക്കുന്നശ്രീമതി.ജ്യോതി.വി. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീമതി. ജ്യോതി.വി.യെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷ ന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ. റ്റി.ഗംഗാധരൻ

40 വർഷവും നാല് മാസവും സ്തുത്യർഹമായ സേവനത്തിന് ശേഷം കണ്ണൂർ ആർബി.ഒ.യിൽ നിന്നും ചീഫ് അസ്സോസിയേറ്റായി വിരമിക്കുന്ന ശ്രീ. റ്റി.ഗംഗാധരന് യാത്രാമംഗളങ്ങൾ!!




റ്റി.ഗംഗാധരൻ ചീഫ് അസ്സോസിയേറ്റ്

ഒരു കവിഹൃദയം കൈമുതലായിട്ടുള്ള ഗംഗാധരന് പ്രിയപ്പെട്ട രംഗങ്ങളിൽ വ്യാപരിക്കുവാൻ കഴിയുമാറാകട്ടെയെന്ന് ആശംസിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീ. റ്റി. ഗംഗാധരനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ.ജോയി എബ്രഹാം




37 വർഷവും നാല് മാസവും നീണ്ട സ്തുത്യർഹമായ സേവനത്തിന് ശേഷം തൊടുപുഴ ആർബി.ഒ. യിൽ നിന്നും ഡെപ്യൂട്ടി മാനേജരായി വിരമിക്കുന്ന ശ്രീ. ജോയി എബ്രഹാം .ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീ.ജോയി എബ്രഹാമിനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ.പ്രകാശ്.പി.



ശ്രീ.പ്രകാശ്.പി. ചീഫ് മാനേജർ, റീജിയണൽ ബിസ്സിനസ്സ് ഓഫീസ് കോട്ടയം ഓഫിസ്സിൽ നിന്നും ഡിസംബർ മാസം 31-ാം തിയതി റിട്ടയർ ചെയ്യുന്നു. സമാധാനവും സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.




ഡിസംബർ മാസം 31-ാം തിയതി റീജിയണൽ ബിസ്സിനസ്സ് ഓഫീസ് കോട്ടയം ഓഫിസ്സിൽ ശ്രീ.പ്രകാശ്.പി. ചീഫ് മാനേജരു ടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ

# ശ്രീ.മുരളീധരൻ.പി.പി.




37 വർഷവും ഒരു മാസവും നാല് ദിവസവും നീണ്ട സ്തുത്യർഹമായ സേവനത്തിന് ശേഷം പാലക്കാട് ആർബി.ഒ.യിൽ നിന്നും ചീഫ് മാനേജരായി ഡിസംബർ മാസം 31–ാം തിയതി വിരമിക്കുന്ന ശ്രീ.മുരളീധരൻ.പി.പി.

സമാധാനവും സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സതീഷ് കുമാർ.കെ.ജി.




ശ്രീ. കെ.ജി. സതീഷ് കുമാർ

33 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം തൃശ്ശൂർ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ നിന്നും ചീഫ് അസ്സോസിയേറ്റായി വിരമിക്കുന്ന ശ്രീ. കെ.ജി. സതീഷ് കുമാറിന് യാത്രാമംഗളങ്ങൾ!!

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും സമ്പൽ സമൃദ്ധിയും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. ശ്രീ. കെ.ജി. സതീഷ് കുമാറിനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ശ്രീ.കെ.സി.ചന്ദ്രൻ





20വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം സീനിയർ അസ്സോസിയേറ്റായി തൃക്കണപരിയാരം ശാഖയിൽ നിന്ന് വിരമിക്കുന്ന ശ്രീ. കെ.സി.ചന്ദ്രന് യാത്രാമംഗളങ്ങൾ!! 18 വർഷത്തെ സൈനിക സേവനത്തിന് ശേഷമാണ് ശ്രീ. ചന്ദ്രൻ ബാങ്കിൽ ചേർന്നത്. സൗശീല്യ വ്യക്തിത്വത്തിനുടമയായ ശ്രീ.ചന്ദ്രന് ഐശ്വര്യപൂർണ്ണമായ ഹൃദ്യമായ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ

പെൻഷൻ ആയിക്കഴിഞ്ഞാൽ പിന്നീട് വളരെ ഉപകാരപ്രദമായ പദ്ധതികളായ മെഡിക്കൽ ഇൻഷുറൻസ് സ്കീം, ആർ.ഇ.എം.ബി.എസ്., എച്ച്.ആർ.എം.എസ്, ബാങ്കിൽ നിന്നു കാലാകാലങ്ങളിൽ ലഭിക്കേണ്ട അനുകൂല്യങ്ങൾ ഇവയൊക്കെപ്പറ്റി ചർച്ച ചെയ്യുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും, എന്തൊക്കെ ചെയ്യണമെന്നും മനസ്സിലാക്കുവാൻ ഈ വേദി ഉപയോഗിക്കാം.

# വായനക്കാർ എഴുതുന്നു




സർ,
നമ്മുടെ ഒയാസിസ് ബുള്ളറ്റ്നിൽ ശ്രീ ബാലസുബ്രഹ്മണ്യൻ എന്നവരുടെ ചരമ വാർത്തയുണ്ട്. അദ്ദേഹം പാലക്കാട് അസോസിയേഷൻ മെമ്പർ ആണെന്നും കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ അദ്ദേഹം നമ്മുടെ മെമ്പർഷിപ് എടുത്തിട്ടില്ലായിരുന്നു. ഒരാളുടെ ചരമത്തിൽ ഈ കാര്യങ്ങൾക്കു പ്രസക്തി ഇല്ല എന്നത് കൊണ്ടാണ് ഞാൻ ഈ കാര്യം സ്റ്റേറ്റ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താതിരുന്നത്. എന്നാൽ ഇപ്പോൾ പാലക്കാട് മെംബേർസ് എന്നോട് ഈ കാര്യം അന്വേഷിക്കുന്നുണ്ട്. ഈ കാര്യം താങ്കളുടെ ശ്രദ്ധയിൽ പെടുത്തുന്നു.



**ശ്രീ.രാധാകൃഷ്ണൻ പുല്ലഞ്ചേരി**
ജില്ലാ സെക്രട്ടറി, **പാലക്കാട്**

**തിരുത്ത്**

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം എന്ന് തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു. നമ്മുടെ അസ്സോസിയേഷനിൽ അംഗമായിരുന്നില്ലെങ്കിലും അദ്ദേഹത്തെപ്പോലുള്ളവരുടെ നിരവധി സുഹൃത്തുക്കൾ ഇപ്പോൾ നമ്മുടെ സംഘടനയിൽ അംഗങ്ങളാണെന്നതും അഭിപ്രായ വ്യത്യാസങ്ങൾ വച്ചു പുലർത്തുന്നവരോട് നമുക്ക് വിദ്വേഷമൊന്നുമില്ലെന്നതും വാർത്ത കൊടുക്കാൻ പ്രചോദനമായതാണ്.**

**മാനേജിംഗ് എഡിറ്റർ**

**പ്രിയമുള്ളവരെ,**

**നവംബർ ലക്കം 'ഒയാസിസ്' വാട്സാപ്പിൽ ഡിസംബർ 1-ാം തിയതി തന്നെ കിട്ടിയെങ്കിലും ചില തിരക്കുകൾ കാരണം വിശദമായി വായിച്ചത് 3-ാം തിയതി വ്യാഴാഴ്ച്ചയായിരുന്നു. നമ്മുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ.രാജീവിന്റെ പത്രാധിപക്കുറിപ്പാണ് എന്റെ പ്രത്യേക ശ്രദ്ധയാകർഷിച്ചത്. ചാരം മൂടിക്കിടന്ന നമ്മുടെ പ്രതീക്ഷകളെക്കുറിച്ചും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി.നിർമ്മലാ സീതാറാമിന്റെ വാക്കുകൾ പ്രകാശരേണുക്കളായി കടന്നു വരുന്നതിനെക്കുറിച്ചും അത്ഭുതകരമായ ശൈലീ പ്രയോഗത്തിലൂടെ വിവരിച്ചിരിക്കുന്നത് ഹൃദയാവർജകമായി അനുഭവപ്പെടുന്നു. മാസാന്ത്യം വരെയുള്ള എല്ലാ വാർത്തകളും ശേഖരിച്ച് സമഗ്രമായും വിജ്ഞാനപ്രദമായും വിവരങ്ങൾ ഉൾക്കൊള്ളിച്ച് വർണ്ണശബളമായി ഈ ബുള്ളറ്റിൻ ഇറക്കാൻ ശ്രദ്ധിക്കുന്ന കോട്ടയം ടീമിനെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. എന്റെ 'ഫ്രീ വേഴ്സ് പൊയട്രി' ഉൾപ്പെടുത്തിയതിലും വളരെ സന്തോഷം.**

**റ്റി.ജെ.ജോസഫ്**
**ഇടുക്കി ജില്ലാ പ്രസിഡന്റ്**




**സ്മൈലികൾക്ക് പകരം അസ്വാദനങ്ങളും അഭിപ്രായങ്ങളും എഴുതി വാട്സാപ്പ് ചെയ്യുക.**

# എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ സമ്മേളനം

**ഇടുക്കി ജില്ലാ കമ്മറ്റി യോഗം ഡിസംബർ 19-ാം തിയതി തീയതി വ്യാഴം രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി.**
36 അംഗങ്ങൾ പങ്കെടുത്തു. ഇടുക്കി ജില്ലാ കമ്മറ്റി പ്രസിഡന്റ് റ്റി.ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. . **നമ്മുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ.രാജീവൻ സംസ്ഥാന ജനറൽ സെക്രട്ടറി എ.ജയകുമാർ, എന്നിവർ വിശിഷ്ടാതിഥികളായി സമ്മേളനത്തിൽ പങ്കെടുത്തു.**




എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന ഇടുക്കി ജില്ലാ പ്രസിഡന്റ് റ്റി.ജെ.ജോസഫ്.

ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് പി.പി.തോമസ് വൈസ് പ്രസിഡന്റ് സംസാരിച്ചു. തുടർന്നു സംസ്ഥാന പ്രസിഡന്റ് ശ്രീ.രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് ശ്രീ.പി. എം. ജോർജ്ജ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ഭരണസമിതിയിലേക്ക് കോപ്റ്റ് ചെയ്ത താഴെ കൊടുത്തിരിക്കുന്ന അംഗങ്ങളുടെ തിരഞ്ഞെടുപ്പ് യോഗം അംഗീകരിച്ചു. 1.റ്റി.ജി.പ്രഭാകരൻ 2. ജോർജ്ജ് ജോസഫ് 3.ജോബി മർക്കോസ് 4. ശ്രീമതി. കെ.വി.ആലീസ് .
നവംബർ 30 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ. എം.ഐ.ഗോപലൻ, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.
സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.ജോസഫ് പാലക്കൻ എന്നിവരും വിവിധ വിഷയങ്ങൾ പുരസ്കരിച്ച് സംസാരിച്ചു. തുടർന്ന് ശ്രീ.പി.റ്റി.ജോണി കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 1 മണിയോടെ അവസാനിച്ചു.




## HRMS പോർടലിൽ പെൻഷനറുടെ ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം.

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നവംബർ മാസത്തിൽ നൽകേണ്ട ലൈഫ് സർടിഫിക്കറ്റ് സമർപ്പിക്കാൻ പെൻഷനർമാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുന്നിൽ കണ്ട് HRMS വഴി വീഡിയോ ആധാരമാക്കി ലൈഫ് സർടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനെപ്പറ്റി ആലോചിച്ചു വരികയാണ്. ആയതിലേക്ക് HRMSൽ കയറ്റിയിരിക്കുന്ന ഫോട്ടോ സഹായകരമാകും എന്നതിനാൽ എല്ലാ പെൻഷനർമാരും തങ്ങളുടെ ഏറ്റവും പുതിയ ഫോട്ടോ സൈറ്റിൽ അപ് ലോഡ് ചേയ്യേണ്ടതാണ്.

ഇത് രണ്ടു വിധത്തിൽ ചെയ്യാം.
1. HRMS സൈറ്റിൽ കയറിയതിനു ശേഷം പെൻഷൻ റിലേറ്റഡ് സർവീസസിൽ ക്ളിക് ചെയ്യുക. ഇടതു വശത്തു വരുന്ന പാനലിൽ അപ് ലോഡ്/ അപ്രൂവ് ഫോട്ടോ എന്ന സ്ഥലത്തു ക്ളിക് ചെയ്യുക. ഫോട്ടോ ബ്രൗസ് ചെയ്ത് ഫോട്ടോ അപ് ലോഡ് ചെയ്യുക. പെൻഷൻ ബ്രാഞ്ചിലോ സൗകര്യപ്രദമായ മറ്റൊരു ബ്രാഞ്ചിലോ ഫോട്ടോ അപ്രൂവ് ചെയ്യുന്നതു തിരഞ്ഞെടുക്കാം. 2. ബ്രാഞ്ച് മാനേജരെ വ്യക്തിപരമായി അറിയാമെങ്കിൽ ഫോണിലൂടെയോ മെയിൽ വഴിയോ അപ്രൂവ് ചെയ്യുന്നതിനുള്ള അപേക്ഷ (റിക്വസ്ട്) അറിയിക്കുക. അല്ലാത്ത പക്ഷം മുൻകൂട്ടി വിളിച്ചു സമയം ഉറപ്പിച്ചശേഷം ഐഡൻറിറ്റി കാർഡുമായി ബ്രാഞ്ചിൽ പോയി അപ്രൂവ് ചെയ്യിക്കുക.



ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ, വൈസ് പ്രസിഡന്റ്

SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 68
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com




## ശ്രീമതി. കെ.എൻ. കാർത്യായനി (96)



ശ്രീമതി. കെ.എൻ. കാർത്യായനി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം റിട്ട. മാനേജർ ശ്രീമതി. വി.കെ. ഗീതയുടെ ഭതൃമാതാവ് ഓണക്കൂർ ചേന്നാട്ട് ശ്രീമതി. കെ.എൻ. കാർത്യായനി അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 96 വയസ്സായിരുന്നു. മക്കൾ: പരേതനായ ഡോ.സി. കെ.സുകുമാരൻ, ചേന്നാട്ട് ശ്രീധരൻ ( കാനറ ബാങ്ക് റിട്ട.ഓഫീസർ) ഡോ. സി.കെ.ലീലാ ഭാസ്കരൻ, ശ്രീമതി. ബീന മോഹൻ, വൽസ. ദുഃഖാർത്തരായ കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## പുന്നത്തുറ പുല്ലാട്ട് ജോസഫ് (101)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീമതി ആനിയമ്മയുടെ ഭർതൃപിതാവ് പുന്നത്തുറ പുല്ലാട്ട് ജോസഫ് (101) നിര്യാതനായ വിവരം ഖേദപൂർവം റിപ്പോർട്ട് ചെയ്യുന്നു.



ശ്രീ.പുന്നത്തുറ പുല്ലാട്ട് ജോസഫ്

സെന്റ് ജോസഫ്സ് ഹൈസ്കൂളിലും സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളി ലും ഹെഡ്മാസ്റ്ററായിരുന്നു. 101 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കുചേരുന്നു.

## ശ്രീ.പറക്കട്ട് ഗോപാലൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ **യൂണിറ്റ് അംഗം** പറക്കട്ട് ഗോപാലൻ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 79 വയസ്സായിരുന്നു. ദുഃഖാർത്തരായ **കുടുംബാംഗങ്ങളോട്** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.




ശ്രീ പറക്കട്ട് ഗോപാലൻ

### അനുശോചനം

പ്രിയ ഗോപാൽജിയുടെ വേർപാട് അറിഞ്ഞ് അങ്ങേയറ്റം ദു:ഖിക്കുന്നു. സൌമ്യനും മൃദുഭാഷി

യുമായ അദ്ദേഹത്തോടൊപ്പം എറണാകുളം സോണൽ ഓഫീസിൽ ഒന്നിച്ച് ജോലി ചെയ്തിരുന്ന കാലഘട്ടം ഓർത്തുപോവുകയാണ്. അദ്ദേഹം എപ്പോഴും പ്രകാശപൂരിതമായ ഒരു വ്യക്തിത്വം കാത്തു സൂക്ഷിച്ചിരുന്നു. സന്തപ്ത കുടുംബാംഗങ്ങളെ എന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം ഈ തീരാനഷ്ടം സഹിക്കുവാനുള്ള കരുത്ത് അവർക്ക് സർവേശ്വരൻ നല്കുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



കെ രാജീവൻ, പ്രസിഡന്റ്
എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ

## മുക്താ ഭായി.എസ്.



ശ്രീമതി. മുക്താ ഭായി.എസ്.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം പരേതനായ എസ്.എം.ഭട്ടിന്റെ ഭാര്യ കടുംബ പെൻഷണർ ശ്രീമതി. മുക്താ ഭായി.എസ്. മട്ടാഞ്ചേരി എൽ.ജി.പൈ റോഡിലുള്ള വസതിയിൽ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.




## മോൻസി ജേക്കബ് (51)
### മായംപറമ്പിൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വൈക്കം ഏരിയാകമ്മിറ്റി അംഗവും കമ്മിറ്റി മെമ്പറുമായ ജോസഫ് മായംപറമ്പൻന്റെ സഹോദരൻ എം എം ജേക്കബിന്റെ സഹധർമ്മിണി ശ്രീമതി മോൻസി ജേക്കബ് (51) നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. സംസ്ക്കാരം 12.12. 2020 ശനിയാഴ്ച 3 മണിക്ക് തലയോലപ്പറമ്പ് സെൻറ് ജോർജ് പള്ളി സെമിത്തേരിയിൽ നടത്തി.

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും വൈക്കം ഏരിയ. കമ്മിറ്റിയും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## പി.വി.ജോൺ (93)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ ജോർജ് ജോണിന്റെ പിതാവും, എസ്ബിറ്റി മുൻ ഉദ്യോഗസ്ഥനുമായിരുന്ന ശ്രീ. പി വി ജോൺ (93) പരുത്തും പാറ ചോഴിയക്കാട്ട് മേമന, മരണപ്പെട്ട വിവരം വ്യസന സമേതം അറിയിക്കുന്നു.



പി.വി.ജോൺ

.ശവസംസ്കാരം പാച്ചിറ പള്ളി സെമിത്തേരിയിൽ നടത്തി. ദുഃഖാർത്തരായ കുടുംബാംഗങ്ങളോട് അനുശോചനം അറിയുച്ചുകൊണ്ടു വേർപാടിന്റെ വേദനയിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ ഘടകം പങ്കുചേരുന്നു.




## നൈസി സൂസൻ കോശി




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ജോസഫ് മാത്യു കാടൻകാവിലിന്റെ (റിട്ട. ഓഫീസർ പാല) മകന്റെ ഭാര്യ നൈസി സൂസൻ കോശി, (35) മണിമല കാടൻ കാവിൽ, അരുണാപുരം, പാല ആകസ്മികമായി അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. പരേത പത്തനംതിട്ട കൂടൽ മാടോലിക്കൽ കക്കാട്ടുവില്ല ജോൺ കോശിയുടേയും മോളി ജോണിന്റെയും മകളാണ്. മക്കൾ: മരീസ, റോസാൻ, സൂസൻ ശവസംസ്കാരം അരുണാപുരം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി.
കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പാല ഏരിയ കമ്മിറ്റിയും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

□ആദരാഞ്ജലികൾ □
നിര്യാതനായി. 16.12.2020.

വി. പി. വർഗീസ്, 82 വയസ്സ്.
വടക്കുംപാടൻ ഹൌസ്, കാട്ടുങ്ങച്ചിറ,
ഇരിഞ്ഞാലക്കുട നോർത്ത്.
0480-2827963



## വി.പി.വർഗീസിന് ആദരാഞ്ജലികൾ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ യൂണിറ്റ് അംഗം വി.പി.വർഗീസ് നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. കുടുംബാംഗങ്ങളോട് എസ്.ബി.ഐ.

പൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു .

## ശ്രി. കെ. രാമചന്ദ്രൻ നായർ (എൽ.എം.120)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട യൂണിറ്റ് അംഗവും മുൻ ജില്ലാ സെക്രട്ടറിയുമായിരുന്ന ശ്രി. കെ. രാമചന്ദ്രൻ നായർ (എൽ.എം. 120) എഴുമറ്റൂർ നിര്യാതനായ വിവരം ഏറെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു.



ശ്രീ. കെ. രാമചന്ദ്രൻ നായർ

സന്തപ്ത കുടുംബാംഗ ങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

## ശ്രീ.ജയപ്രസാദൻ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരവനന്തപുരം യൂണിറ്റ് അംഗം ശ്രീ.ജയപ്രസാദൻ (എൽ.എം.6452)വർക്കലയിൽ സ്വന്തം ഭവനത്തിൽ വച്ച് നിര്യാതനായ വിവരം ഏറെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു

## ശ്രീ.കോശി. പി.എ.



ശ്രീ.കോശി. പി.എ.

എസ്.ബി.ഐ. റിട്ട. എ.ജി.എം ശ്രീ.കോശി. പി.എ. (70) ആകസ്മികമായ ഹൃദയാഘാതത്തെത്തുടർന്ന് നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ഭാര്യ ശ്രീമതി. റോസമ്മ കോശി എസ്.ബി.ഐ. സി.സി.പി.സി. എറണാകുളം റിട്ട. ആണ്. മകൾ ശ്രീമതി. ജോയ്സി ബെൻസൺ എസ്.ബി.ഐ. എസ്.എം.ഇ.സി.സി.യിൽ എറണാകുളത്ത് എ.ജി.എം ആണ്. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## റോസിലി ജോൺ ആലങ്ങാടൻ (85)

സൗത്ത് ഇൻഡ്യൻ ബാങ്ക് മുൻ ചെയർമാനും എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗവുമായ എ.ഡബ്ല്യൂ. ജോണിന്റെ സഹധർമ്മിണി റോസിലി ജോൺ ആലങ്ങാടൻ (85) നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ശവസംസ്കാരം എളംകുളം ലിറ്റിൽ ഫ്ളവർപള്ളി സെമിത്തേരിയിൽ നടത്തി. ഞാറക്കൽ മമ്പിള്ളി കുടുംബാംഗമാണ്. മക്കൾ ഡോ. ജോർജ്ജ്, ടോമി, എ.എ.ജോൺ (എസ്.ബി.ഐ.).



റോസിലി ജോൺ ആലങ്ങാടൻ

ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.

## ശ്രീ. ജി.എൻ.നായർ (76)



ശ്രീ. ജി.എൻ.നായർ

എസ്.ബി.ഐ. തങ്കശ്ശേരി ബ്രാഞ്ച് മാനേജരായി വിരമിച്ച ശ്രീ. ജി.എൻ.നായർ എസ്.എൻ.കോളേജ് ജംഗ്ഷൻ, കൊല്ലം നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 76 വയസ്സായിരുന്നു. പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

## ശ്രീമതി.ലീലാ നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ഉഷാ പ്രസദ് നായരുടെ മാതാവ് ശ്രീമതി.ലീലാ നായർ (84) നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു.



ശ്രീമതി.ലീലാ നായർ

കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## ശ്രീമതി.റ്റി.ജി.പ്രേമലത



എറണാകുളം വെണ്ണല എസ്.ബി.ഐ.സ്റ്റാഫ് കോളനിയിൽ മാടവന ക്ഷേത്രം റോഡിൽ 41/2145 വീട്ടിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗമായ വി.എൻ.സദാനന്ദ ഷേണായിയുടെ ഭാര്യ ശ്രീമതി. റ്റി.ജി.പ്രേമലത അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 72 വയസ്സായിരുന്നു. ശവസംസ്കാരംപുല്ലേപ്പടി രുദ്രവിലാസം ശ്മശാനത്തിൽ നടത്തി. മക്കൾ: രാജലക്ഷ്മി, പ്രേമാനന്ദ ഷേണായി മരുമകൻ: അരുൺ പൈ. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾ

ക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.

## ശ്രീ.കെ.ജെ.മാത്യു(67)




ശ്രീ.കെ.ജെ.മാത്യു

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗമായ ശ്രീ.കെ.ജെ.മാത്യു (എൽ.എം.2841) 67 വയസ്സായിരുന്നു. കോട്ടൂർ പുത്തൻ വേലിൽ, ഉദയംപേരൂർ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ വച്ച് ആകസ്മികമായി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ഭാര്യ ശ്രീമതി. മറീന മാത്യു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണീർ പ്രണാമം!

## ശ്രീ.കെ.വി.രാമകൃഷ്ണൻ



ശ്രീ.കെ.വി.രാമകൃഷ്ണൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗമായ കൃഷ്ണചിറക്കൽ, കണ്ണൂർ ശ്രീ.കെ.വി.രാമകൃഷ്ണൻനിര്യാതനായ വിവരം ഏറെ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. കടുംബ സമേതം ബാംഗളൂരിൽ താമസിച്ചു വരികയായിരുന്നു. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.

ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷനും പങ്കു ചേരുന്നു.

## എം.എ.നന്ദകുമാർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗമായ ചൈത്രം, കാവുംഭാഗം,ഉമ്മഞ്ചിറ, തലശ്ശേരി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയി ക്കുന്നു. ഭാര്യ ശ്രീമതി. ജയപ്രസന്ന.



എം.എ.നന്ദകുമാർ

1981ൽ കേരളം ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി ക്രിക്കറ്റിൽ ജയം നേടിയപ്പോൾ എം.എ.നന്ദകുമാർ റ്റീമംഗം ആയിരന്നു 1960കളിലായിരുന്നു ഈ വലത് കൈയ്യൻ മീഡിയം പേസറുടെ കാലഘട്ടം. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **ആദരാഞ്ജലികൾ!**







# കേരളത്തിന്റെ അമ്മ മനസ്സ് സുഗതകുമാരി യാത്രയായി




□ആദരാഞ്ജലികൾ □






P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

**ഉപദേശക സമിതി**
ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി
**പത്രാധിപ സമിതി**
**രക്ഷാധികാരി**
**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**
**ചീഫ് എഡിറ്റർ**
**നമുക്കൊരുമിച്ചിത് പൂർണ്ണമാക്കാം**

കടപ്പാട് വിക്കിപീഡിയ